# പതിമൂന്നാം കേരള നിയമസഭ

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# വിഷയനിർണ്ണയ സമിതി IX

**(SUBJECT COMMITTEE IX)**

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ.........-ാം തീയതി സമർപ്പിച്ചത്
(Presented on ......... June, 2014)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**വിഷയനിർണ്ണയ സമിതി IX**

**(SUBJECT COMMITTEE IX)**

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും

# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ആനുകാലിക റിപ്പോർട്ട്**

(2014 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ
(1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

740/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 10 |

# വിഷയനിർണ്ണയ സമിതി IX

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും (2013-2016)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. മഞ്ഞളാംകുഴി അലി,
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ഡോ. എം. കെ. മുനീർ ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. അച്ചുതൻ , എം.എൽ .എ.

ശ്രീ. സി. മമ്മൂട്ടി, എം.എൽ .എ.

ശ്രീ. പി. റ്റി. എ. റഹീം, എം.എൽ .എ.

ശ്രീ. വി. ശിവൻകുട്ടി, എം.എൽ .എ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ , എം.എൽ .എ.

ശ്രീ. ഇ. കെ. വിജയൻ , എം.എൽ .എ

ശ്രീ. കെ. വി. വിജയദാസ്, എം.എൽ .എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി.

ശ്രീ. റ്റി. മനോഹരൻ നായർ , ജോയിന്റ് സെക്രട്ടറി

ശ്രീമതി എം. ആർ . മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി

,, എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

## അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ 1-4-2013 മുതൽ 31-3-2014 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിന്—ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട 2011-2013 കാലയളവിലെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ കാലാവധി 27-12-2013-ൽ അവസാനിച്ചിരുന്നു. ഇതേ തുടർന്ന് 2013 ഡിസംബർ 27-ാം തീയതിയിലെ 463-ാം നമ്പർ ബുള്ളറ്റിന്—ഭാഗം 2 പ്രകാരം പുനഃസംഘടിപ്പിക്കപ്പെട്ട 2013-2016 കാലയളവിലേക്കുള്ള സമിതി 28-12-2013 മുതൽ നിലവിൽ വരികയുണ്ടായി. 2011-2013 കാലയളവിലെ അതേ അംഗങ്ങളാണ് നിലവിലെ സമിതിയിലും അംഗങ്ങളായിട്ടുള്ളത്. 2011-2013 കാലയളവിലെ സമിതി 2013 ഏപ്രിൽ 1 മുതൽ 2013 ഡിസംബർ 27 വരെയും 2013-2016 കാലയളവിലെ സമിതി 2013 ഡിസംബർ 28 മുതൽ 2014 മാർച്ച് 31 വരെയുമുള്ള കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 14 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾവീതം 2013-2014 വർഷത്തെയും 2014-2015 വർഷത്തെയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 3 യോഗങ്ങൾ സമിതിയുടെ പരിഗണനയ്ക്കയച്ച ബില്ലുകളുടെ പരിശോധനയ്ക്കും 2 യോഗങ്ങൾ ഗവൺമെന്റിൽനിന്നും ലഭ്യമാക്കിയ കരട് ചട്ടങ്ങളും എസ്. ആർ. ഒ. വിജ്ഞാപനങ്ങളും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിക്കുന്നതിനും ശേഷിക്കുന്ന 3 യോഗങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ചും കൂടിയിട്ടുള്ളതാണ്. സമിതി യോഗങ്ങളിലെ ശരാശരി ഹാജർനില 54 ശതമാനം ആയിരുന്നു.

ചട്ടം 235 എ അനുസരിച്ച് സമിതി ചർച്ച ചെയ്ത "ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകളും അവയുടെ സാധ്യതകളും" എന്ന വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സമിതി 2013 ഡിസംബർ 8 മുതൽ 16 വരെ തമിഴ്നാട്, മഹാരാഷ്ട്ര, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ പര്യടനം നടത്തുകയും ചെയ്തു.

ഈ റിപ്പോർട്ട് മൂന്ന് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിശോധിച്ച ധനാഭ്യർത്ഥനകളുടേയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടേയും വിവരങ്ങൾ ചേർത്തിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളും അവയിന്മേൽ സർക്കാരിൽനിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ മറുപടികളുടെയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ

സർക്കാരിൽനിന്നും വൈകി ലഭിച്ച (ആക്ഷ ൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം) മറുപടികളും ചട്ടം 236(5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റുമെന്റുകളുടേയും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വിവി ധ വകുപ്പുകളുടെ വാർഷിക പ്രവർത്തനറിപ്പോർട്ടുകളുടേയും വിവരങ്ങൾ ചേർത്തിരിക്കുന്നു. റിപ്പോർട്ടിന്റെ മൂന്നാം ഭാഗത്തിൽ സമിതി പരിശോധിച്ച ബില്ലുകൾ , അംഗീകരിച്ച ചട്ടങ്ങൾ , സാധൂകരിച്ച എസ്.ആർ .ഒ.കൾ എന്നിവയുടെയും ചട്ടം 235 എ അനുസരി ച്ച് സമിതി യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത വിഷയങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2014 മേയ് 28-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

കെ. സി. ജോസഫ്,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 മേയ് 28.

# റിപ്പോർട്ട്

## ഭാഗം 1

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതി 2013-2014, 2014-2015 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി യഥാക്രമം 17-4-2013, 25-4-2013 എന്നീ തീയതികളിലും 19-2-2014, 26-2-2014 എന്നീ തീയതികളിലും യോഗം ചേരുകയും താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയുമുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ കരട് 15-5-2013-ലെ സമിതി യോഗം അംഗീകരിക്കുകയും അതിൻപ്രകാരം 2013-2014 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 2013 ജൂൺ മാസം 10-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ 15-5-2013-ലെ യോഗം അംഗീകരിച്ച 2013 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് 2013 ജൂൺ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയുടെ 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2013 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതി 4-9-2013-ന് യോഗം ചേർന്ന് "ദുർബല വിഭാഗങ്ങൾക്കുൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും" എന്ന വിഷയം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം ചർച്ച ചെയ്യുകയുണ്ടായി. ഇതു സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് 2014 ഫെബ്രുവരി 3-ാം തീയതി സഭയിൽ സമർപ്പിച്ചു.

2014-2015 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ കരട് 11-3-2014-ലെ സമിതി യോഗം അംഗീകരിച്ചു.

ഭാഗം 2

**I. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

## (എ) 2007-2008 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം വിഷയനിർണ്ണയ സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശുപാർശ

2216-80-190-99—കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷനുള്ള ധനസഹായം

സർക്കാരിൽനിന്നും സബ്സിഡി ലഭിക്കാത്തതുമൂലം കോർപ്പറേഷന്റെ മൊത്തം നഷ്ടം 52.65 ലക്ഷം രൂപയാണ് എന്നും സമിതി വിലയിരുത്തി. ഈ വർഷത്തെ ബഡ്ജറ്റിൽ 1,000 രൂപ മാത്രമാണ് ഈ ഇനത്തിൽ അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അക്യുമുലേറ്റഡ് നഷ്ടവും ബാലൻസ് സബ്സിഡിയും പരിഹരിക്കുന്നതിന് 52.65 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത 52.65 ലക്ഷം രൂപ ഫണ്ടുകളുടെ അപര്യാപ്തതമൂലം ലഭ്യമാക്കാനായില്ല.

(സർക്കാർ കത്ത് നമ്പർ 3790/എ 3/2012/ഭവനം തീയതി 9-1-2013)

## (ബി) 2008-2009 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം വിഷയനിർണ്ണയ സമിതിയുടെ 3-ാമത് റിപ്പോർട്ട്

ശുപാർശ

6216-80-201-99(06)—മാർക്കറ്റ് ബോറോയിംഗ്

ബോർഡിന്റെ വിവിധ പദ്ധതികൾക്കും വരവും ചെലവും തമ്മിലുള്ള വിടവ് നികത്തുന്നതിനുംവേണ്ടി 2008-2009-ൽ 20 കോടി രൂപയുടെ നിർദ്ദേശം സമർപ്പിച്ചുവെങ്കിലും തുകയൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തു പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകാത്തതുകൊണ്ട് ബോർഡിന് സർക്കാർ വായ്പ (മാർക്കറ്റ് ബോറോയിംഗ്) യെത്തന്നെ ആശ്രയിക്കാനെ നിവൃത്തിയുള്ളൂ. ആയതിനാൽ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ 20 കോടി രൂപ ബോർഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതിമൂലം സമിതി ശുപാർശ ചെയ്ത തുക അനുവദിക്കാൻ സാധിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 5972/എ 3/2012 ഭവനം തീയതി 15-3-2013)

(സി) 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ഖണ്ഡിക 3 മുതൽ 6 വരെയും, 8 മുതൽ 11 വരെയും ഖണ്ഡിക 14, ഖണ്ഡിക 16 മുതൽ 24 വരെയും 28, 29 എന്നിവയിലേയും 35 മുതൽ 39 വരെയും 42 മുതൽ 50 വരെയും 54 മുതൽ 67 വരെയുമുള്ള ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിവരം സമിതിയുടെ 2013 ജൂലൈ മാസം 8-ാം തീയതി സഭയിൽ സമർപ്പിച്ച 2012-2013 വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ [ചട്ടം 236 (5)] ഉൾപ്പെടുത്തിയിട്ടുണ്ട്.

**II. 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാംവിഷയനിർണ്ണയ സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൽ സർക്കാരിൽനിന്നു വൈകി ലഭ്യമാക്കിയിട്ടുള്ള (പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 8-7-2013-ന് സഭയിൽ സമർപ്പിച്ചതിനുശേഷം) മറുപടികൾ**

ശുപാർശ

2216-80-101-99— നിർമ്മിതി കേന്ദ്രങ്ങൾ

2012-2013-ലെ ബജറ്റ് പ്രസംഗത്തിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്ത് നടത്തേണ്ട ചില നൂതന പദ്ധതികൾ സംബന്ധിച്ച് പ്രഖ്യാപനം ഉണ്ടായിരുന്നു. പ്രസ്തുത പുതിയ പദ്ധതികൾക്കുവേണ്ടിയും നീക്കിയിരിപ്പ് തുക തീരെ അപര്യാപ്തമായ പദ്ധതികൾക്കു വേണ്ടിയും 340 ലക്ഷം രൂപ അനുവദിക്കണമെന്നും അതോടൊപ്പം പുതിയ നോൺ പ്ലാൻ ഹെഡ് അനുവദിച്ച് അതിൽ 100 ലക്ഷം രൂപ കെസ്നിക്കിന് വിഹിതമായി നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി

പഞ്ചായത്തിൽ ഒരു മണൽനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1, 2)

സർക്കാർ സ്വീകരിച്ച നടപടി

നിർമ്മിതി കേന്ദ്രത്തിന് 2011-2012, 2012-2013 സമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ (യഥാക്രമം 574 ലക്ഷം, 678 ലക്ഷം രൂപ) യഥാക്രമം 194 ലക്ഷം, 38 ലക്ഷം രൂപ എന്നിങ്ങനെ തുക ചെലവഴിക്കാതെ സറണ്ടർ ചെയ്തിട്ടുള്ളതാണ്. ഈ രണ്ടു വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതം മുഴുവനായും ഉപയോഗപ്പെടുത്താൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് അധിക വിഹിതം നൽകാതിരുന്നത്. മാത്രവുമല്ല പദ്ധതിയിനത്തിൽ നിർമ്മിതി കേന്ദ്രം അധിക വിഹിതം ആവശ്യപ്പെട്ടിരുന്നില്ല. ഏറ്റെടുത്തു നടത്തുന്ന പ്രവർത്തികൾക്കനുസരിച്ച് നിർമ്മിതി കേന്ദ്രത്തിന് സർവ്വീസ് ചാർജ്ജ്/സെൻഡേജ് ചാർജ് എന്നിവ ലഭിക്കുന്നതിനാൽ പ്രത്യേക പദ്ധതിയേതര വിഹിതം വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4097/എ 3/ 2012/ഭവനം തീയതി 3-12-2013).

ശുപാർശ

2216-80-800-85—കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ലാറ്റ് നിർമ്മാണം

കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ 333 കുടുംബങ്ങളുടെ പുനരധിവാസ പദ്ധതിക്കായി 38 കോടി രൂപ ചെലവുവരുന്ന പദ്ധതി ബോർഡ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ആദ്യഘട്ടമായി 218 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 15 കോടി രൂപ 2011-2012 സാമ്പത്തിക വർഷത്തെ സർക്കാർ ബജറ്റിൽ വകയിരുത്തുകയും ഇതിൽ 8 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ കൂടി ലഭ്യമാകേണ്ടതുണ്ട്. ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി 115 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 23 കോടി രൂപ നടപ്പു സാമ്പത്തികവർഷത്തേക്ക് ബോർഡ് ആവശ്യപ്പെട്ടുവെങ്കിലും 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ നടപ്പുവർഷംതന്നെ 8 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

ഫ്ലാറ്റുകളുടെ നിർമ്മാണ പുരോഗതിക്ക് അനുസരിച്ചാണ് വിഹിതം വകയിരുത്തുന്നത്. ആയതിനാൽ ഭരണ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 2012-2013 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിൽ 2 കോടി രൂപ ഈ ആവശ്യത്തിന് വകയിരുത്തിയിരുന്നു.

(സർക്കാർ കത്ത് നമ്പർ 4097/എ 3/2012/ഭവനം തീയതി 3-12-2013).

ശുപാർശ

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

പദ്ധതി ഇനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പദ്ധതിയേതര ഇനങ്ങളിലെ ഫണ്ട് റഗുലറൈസേഷനും മറ്റു ചെലവുകൾക്കും അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ പദ്ധതിയിനത്തിൽ 5440 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 2432.13 ലക്ഷം രൂപയും പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ 2012-2013 വർഷത്തിൽ പദ്ധതി വിഹിതമായി 6340 ലക്ഷം രൂപയും മുൻകാലങ്ങളിൽ എടുത്ത വായ്പകളുടെ മുതലും പലിശയും കോർപ്പറേഷന്റെ മറ്റു ഫണ്ടുകളിൽ നിന്നും എടുത്ത് തിരിച്ചടച്ചത് റഗുലറൈസ് ചെയ്യുന്നതിലേക്കും സർക്കാരിലേക്ക് ഗ്യാരന്റി കമ്മീഷൻ ഒടുക്കിയ ഇനത്തിലുമായി പദ്ധതിയേതരവിഹിതമായി 2667.13 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12, 13)

സർക്കാർ സ്വീകരിച്ച നടപടി

പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും സർക്കാരിന്റെ ധനവിഭവ സംഭരണ ശേഷിയിൽ പരിമിതികൾ കാരണം അധിക തുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4097/എ 3/2012/ഭവനം തീയതി 3-12-2013).

ശുപാർശ

6216-80-201-99—കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

06—മാർക്കറ്റ് ബോറോയിംഗ്

ബോർഡിന് വിവിധ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് പ്രവർത്തന മൂലധനം ആവശ്യമാണ്. മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്ന് മൂലധനം സ്വരൂപിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയുടെ അഭാവത്തിൽ ഇപ്പോൾ ബോർഡിന് കഴിയുന്നില്ല. ആയതിനാൽ ബോർഡിന് പ്രവർത്തന മൂലധനമായി നടപ്പുസാമ്പത്തിക വർഷത്തിൽ 10 കോടി രൂപ മാർക്കറ്റ് ബോറോയിംഗ് ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സർക്കാർ സ്വീകരിച്ച നടപടി

2012-2013 വർഷത്തെ ഉപധനാഭ്യർത്ഥനയിൽ തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും കൂടുതൽ പരിശോധന ആവശ്യമായിരുന്നതിനാൽ തുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 4097/എ 3/2012/ഭവനം തീയതി 3-12-2013)

ശുപാർശ

2217-80-800-71—നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം

പുതിയ നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കാൻ 2012-13 വർഷത്തിൽ 8 കോടി രൂപ ആവശ്യമായതിനാൽ പ്രസ്തുത തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധിക തുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37617/എഫ്എം2/12/ത.സ്വ.ഭ.വ. തീയതി 29-10-2013)

ശുപാർശ

2012-2013 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ മലബാർ സിമന്റ്സുമായി ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി പ്രഖ്യാപിച്ച പ്ലാസ്റ്റിക് റീസൈക്കിളിംഗ്/ഷ്രെഡിംഗ് യൂണിറ്റ് പ്രാവർത്തികമാക്കുന്നതിന് തുടക്കമെന്ന് നിലയിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

വകയിരുത്തി; ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 37617/എഫ്.എം2/12/ത.സ്വ.ഭ.വ. തീയതി 29-10-2013)

ശുപാർശ

വഴിയോര ശുചിത്വ സമുച്ചയം

ശുചിത്വ മിഷനും ജില്ലാ ശുചിത്വ മിഷനും ശക്തിപ്പെടുത്തുന്നതിലേക്കായി 76 താൽക്കാലിക തസ്തിക സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനാൽ ഇതിനായുള്ള ചെലവിനത്തിൽ 4.75 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ പരിമിതിമൂലം അധിക തുക നൽകുന്ന കാര്യം പരിഗണിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 37617/എഫ്.എം2/12/ത.സ്വ.ഭ.വ. തീയതി 29-10-2013)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ 3-1-2014 സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുയും ചെയ്തു.

**III. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിച്ച ഡിലേ സ്റ്റേറ്റ്മെന്റുകൾ**

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഭവനനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട 1, 2, 7, 12, 13, 15 എന്നീ ഖണ്ഡികകളിലേയും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട 25, 26, 27, 30, 31, 32, 33, 34, 40, 41, 51, 52, 53 എന്നീ ഖണ്ഡികകളിലേയും ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 28-1-2014-ന് സഭയിൽ സമർപ്പിച്ചു.

**IV. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച പ്രവർത്തന റിപ്പോർട്ടുകൾ**

2012-2013 സാമ്പത്തിക വർഷം ലഭ്യമായ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ടുകൾ 21-1-2014-ന് സഭയിൽ സമർപ്പിച്ചു.

<u>ഭാഗം 3</u>

**I. ബില്ലുകളുടെ പരിശോധന**

സമിതിയുടെ 2-4-2013, 12-6-2013, 28-1-2014 എന്നീ തീയതികളിൽ ചേർന്ന യോഗം താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(i) 2013-ലെ കേരള മുനിസിപ്പാലിറ്റി (2-ാം ഭേദഗതി) ബിൽ
(2-4-2013-ലെ യോഗം പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. വിഷയനിർണ്ണയ സമിതി റിപ്പോർട്ട് 3-4-2013-ന് സഭയിൽ സമർപ്പിച്ചു.)

(ii) 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ (2-4-2013-ലെ യോഗം പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും

ചെയ്തു. വിഷയനിർണ്ണയ സമിതി റിപ്പോർട്ട് 3-4-2013-ന് സഭയിൽ സമർപ്പിച്ചു)

(iii) 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
(28-1-2014-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. വിഷയനിർണ്ണയ സമിതി റിപ്പോർട്ട് 3-4-2013-ന് സഭയിൽ സമർപ്പിച്ചു.)

(iv) 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ
(28-1-2014-ലെ യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. വിഷയനിർണ്ണയ സമിതി റിപ്പോർട്ട് 30-1-2014-ന് സഭയിൽ സമർപ്പിച്ചു.)

**II. ചട്ടങ്ങളുടെ പരിഗണന**

(എ) സമിതിയുടെ 3-1-2014 തീയതിയിലെ യോഗം താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

കേരള സ്റ്റേറ്റ് അർബൻ അഫയേഴ്സ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2013.

(ബി) 24-6-2013, 30-10-2013 എന്നീ തീയതികളിലെ സമിതി യോഗം സമിതിയുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കാതെ സർക്കാർ പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സാധൂകരണം നൽകി:

(i) എസ്.ആർ .ഒ. നമ്പർ 868/2012—2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകല്) ചട്ടങ്ങളിന്മേൽ പുറപ്പെടുവിച്ച തിരുത്തൽ വിജ്ഞാപനം.

(ഭേദഗതി കൂടാതെ സാധൂകരിച്ചു).

(ii) എസ്.ആർ .ഒ. നമ്പർ 80/2013—2013-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ .

(ഭേദഗതി കൂടാതെ സാധൂകരിച്ചു).

(iii) എസ്.ആർ .ഒ. നമ്പർ 542/2013—2013-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ .

(ഭേദഗതിയോടെ സാധൂകരിച്ചു).

**III. ചട്ടം 235 എ പ്രകാരമുള്ള ചർച്ച**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ

ചട്ടം 235 എ അനുസരിച്ച് സമിതി 4-9-2013, 30-10-2013, 27-11-2013 എന്നീ തീയതികളിൽ യോഗം ചേരുകയും യഥാക്രമം താഴെപ്പറയുന്ന വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു:

1. ദുർബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും.

[പ്രസ്തുത വിഷയം സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് 2014 ഫെബ്രുവരി 3-ാം തീയതി സഭയിൽ സമർപ്പിച്ചു (ചട്ടം 235 (1) (iii) പ്രകാരം)]

2. തലസ്ഥാന നഗരവികസനത്തിനായുള്ള പ്രത്യേക പദ്ധതികള്.

3. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകളും അവയുടെ സാധ്യതകളും.

ചട്ടം 235 എ അനുസരിച്ച് സമിതി ചർച്ച ചെയ്ത 'ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകളും അവയുടെ സാധ്യതകളും' എന്ന വിഷയം സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിനായി സമിതി 2013 ഡിസംബർ 8 മുതൽ 16 വരെ തമിഴ്നാട്, മഹാരാഷ്ട്ര, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ പര്യടനം നടത്തുകയും അവിടങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകളുടെ പ്രവർത്തനം നേരിൽ കണ്ടു മനസ്സിലാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും ചെയ്തു.

കെ. സി. ജോസഫ്,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി IX.*

തിരുവനന്തപുരം,
2014 മേയ് 28.

അനുബന്ധം

## 2013 ഏപ്രിൽ 2-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ ഒരു യോഗം 2013 ഏപ്രിൽ മാസം 2-ാം തീയതി ചൊവ്വാഴ്ച, സഭാ സമ്മേളനത്തിനുശേഷം രാവിലെ 11.30-ന് നിയമസഭാ കോംപ്ലക്സിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. അച്ചുതൻ
2. ശ്രീ. സി. മമ്മൂട്ടി
3. ശ്രീ. പി. റ്റി. എ. റഹീം
4. ശ്രീ വി. ശിവൻകുട്ടി
5. ശ്രീ. ഇ. കെ. വിജയൻ
6. ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. എ. ആർ. സുരേശൻ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

സമിതി, 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും അതത് ബില്ലുകളുടെ ചുവടെ ചേർത്തിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

(1) 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

പ്രസ്തുത ബില്ലിലെ 4-ാം ഖണ്ഡത്തിലെ "2012 ഒക്ടോബർ 31-ാം തീയതിയോ" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം "2013 മാർച്ച് 31-ാം തീയതിയോ" എന്നീ അക്കങ്ങളും വാക്കുകളും ചേർക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(2) 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ

In sub-section (3) of section 3C of the principal Act proposed to be inserted by clause 2, for the words and figure "the 15th day" the words "the last working day" shall be substituted.

സർവ്വശ്രീ പി. റ്റി. എ. റഹീം, ഇ. കെ. വിജയൻ, കെ. വി. വിജയദാസ് എന്നീ അംഗങ്ങൾ പ്രസ്തുത ബില്ലുകൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടുകളി ന്മേൽ വിയോജനം രേഖപ്പെടുത്തി

സമിതി ഉച്ചയ്ക്ക് 11.50-ന് യോഗം പിരിഞ്ഞു.

## 2013 ഏപ്രിൽ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ ഒരു യോഗം 2013 ഏപ്രിൽ മാസം 17-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം
2. ശ്രീ. വി. ശിവൻകുട്ടി
3. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
4. ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീ. രാജൻ ഖൊബ്രഗഡെ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. ശ്രീ. എം. നന്ദകുമാർ, കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണറേറ്റ്
4. ശ്രീ. പി. പി. ബാലൻ, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
5. ശ്രീ. കെ. ബി. വത്സല കുമാരി, എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
6. ശ്രീ. എം. ദിലീപ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
7. ഡോ. എം. ഷംസുദ്ദീൻ, എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. ശ്രീ. അജിത് കുമാർ, പ്രോജക്ട് ഡയറക്ടർ, കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്/കെ.എൽ.ജി.എസ്.ഡി.പി.
9. ശ്രീ. എസ്. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി പി. ജയലക്ഷ്മി, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. ജെ. ആർ. ഗോപകുമാർ, അഡീഷണൽ ഡയറക്ടർ ഓഫ് പഞ്ചായത്ത്സ്
12. ശ്രീ. ഈപ്പൻ വർഗ്ഗീസ്, ചീഫ് ടൗൺ പ്ലാനർ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്
13. ശ്രീ. പി. ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. ശ്രീ. എ. മോഹന കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണറേറ്റ്
15. ഡോ. വി. പി. സുകുമാരൻ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി. എസ്.ഡി.പി.
16. ശ്രീ. കെ. ശിവകുമാർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ് കമ്മീഷണറേറ്റ്
17. ശ്രീ. സി. രാധാകൃഷ്ണ കുറുപ്പ്, ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്
18. ശ്രീ. എം. നജീബ്, സീനിയർ ഫിനാൻസ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
19. ശ്രീ. ഷാജഹാൻ, സീനിയർ ഫിനാൻസ് ഓഫീസർ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്

20. ശ്രീ. കെ. ശ്രീധരൻ നമ്പൂതിരി, ഫിനാൻസ് ഓഫീസർ, കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്

21. ശ്രീ. ആർ. ജയചന്ദ്രൻ, ഫിനാൻസ് സ്പെഷ്യലിസ്റ്റ്, കെ.എൽ.ജി.എസ്.ഡി.പി.

സമിതി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXII (നഗരവികസനം), XXXV (പഞ്ചായത്ത്) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകുവാൻ തീരുമാനിച്ചു:

## ധനാഭ്യർത്ഥന XXII—നഗരവികസനം

2217-80-800-76—അയ്യൻകാളി നഗര തൊഴിലുറപ്പു പദ്ധതി

നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു സംസ്ഥാന പദ്ധതിയാണ് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ ഡയറക്ടറിൽ നിക്ഷിപ്തമായിരുന്ന ഇതിന്റെ നിർവ്വഹണ ചുമതല ഇപ്പോൾ നഗരകാര്യ വകുപ്പിനാണെന്നും അതത് നഗരസഭകൾ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും കൗൺസിൽ അംഗീകരിച്ച് ഡി.പി.സി. അംഗീകാരം ലഭിച്ചശേഷം നഗരകാര്യ ഡയറക്ടർക്ക് നൽകുകയും ആയത് സൂക്ഷ്മ പരിശോധന നടത്തി സംസ്ഥാന നഗര തൊഴിലുറപ്പ് കൗൺസിലിൽ സമർപ്പിക്കുകയും ഈ കൗൺസിലിന്റെ അംഗീകാരത്തിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഗരസഭകൾക്ക് തുക വിതരണം ചെയ്യുകയാണ് ചെയ്യേണ്ടതെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. 2012-13 വർഷത്തെ കണക്കു പ്രകാരം നൽകുവാനുള്ള 50 കോടി രൂപയും ഈ വർഷം പ്രതീക്ഷിക്കുന്ന ചെലവും ഉൾപ്പെടെ ആകെ 100 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയ സമിതി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 87.84 കോടി രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-80-003-97—നഗരകാര്യ വകുപ്പിലെ പ്രോജക്ടുകളുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള സെല്ലുകളുടെ രൂപീകരണം

34—മറ്റു ചെലവുകൾ

കേരളത്തിലെ നഗരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് നഗരസഭകളെ സഹായിക്കുന്നതിനായി പി.പി.പി. പദ്ധതിയുമായി ബന്ധപ്പെട്ട് നിക്ഷേപകസംഗമങ്ങൾ നടപ്പുവർഷം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽവച്ച് നടത്താൻ തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതിന്റെ നടത്തിപ്പിനോടനുബന്ധിച്ച് വരുന്ന ചെലവുകൾക്കായി 90 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-91-10—മുനിസിപ്പൽ കോമൺ സർവ്വീസ് സെൻട്രൽ പെൻഷൻ ഫണ്ട് (പ്ലാൻ)

കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലെയും 5 കോർപ്പറേഷനുകളിലെയും റഗുലർ വിഭാഗം ജീവനക്കാർക്ക് കേരള മുനിസിപ്പൽ പെൻഷൻ ഫണ്ട് നിയമപ്രകാരം പെൻഷൻ നൽകുന്നതിനായി 246 കോടി രൂപ നഗരസഭകൾക്ക് നഗരകാര്യ ഡയറക്ടർ പെൻഷൻ അലോട്ട്മെന്റ് ആയി നൽകേണ്ടതുണ്ടെന്നും എന്നാൽ ഇതേസമയം ഓരോ നഗരസഭകളിൽനിന്നും നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് 100 കോടി രൂപ പെൻഷൻ വിഹിതമായും നൽകണമെന്നും ഇപ്രകാരം നഗരസഭകൾക്ക് നഗരകാര്യ ഡയറക്ടർ നൽകേണ്ട 246 കോടി രൂപയിൽനിന്നും നഗരസഭകളിൽ നിന്നും നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കേണ്ട 100 കോടി കിഴിച്ച് ബാക്കി 146 കോടി രൂപ അടിയന്തിരമായി നഗരസഭകൾക്ക് നൽകിയാൽ മാത്രമേ മുനിസിപ്പൽ കോമൺ സർവ്വീസിൽനിന്നും പിരിഞ്ഞ ജീവനക്കാർക്ക് പെൻഷൻ നൽകാൻ സാധിക്കുകയുള്ളൂ എന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് 2217-80-001-91-10 എന്ന ശീർഷകത്തിൽ 146 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-99—മുഖ്യ നഗര ആസൂത്രകന്റെ ആഫീസ്

2013-14 സാമ്പത്തിക വർഷം ഈ ശീർഷകത്തിൻകീഴിലുള്ള 05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ, 21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും, 45—പി.ഒ.എൽ. എന്നിവയിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത കണക്കിനങ്ങളിൽ യഥാക്രമം 46,20,000 രൂപ, 30,000 രൂപ, 30,000 രൂപ എന്നിങ്ങനെ ആകെ 46,80,000 രൂപകൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-80-001-98—നഗരകാര്യ മേഖലാ ആഫീസുകൾ

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 7.72 ലക്ഷം രൂപയുടെ കുടിശ്ശികയുള്ളതിനാൽ പ്രസ്തുത കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 7.72 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-80-001-99—നഗരകാര്യ ഡയറക്ടറാഫീസ്

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ 2,00,000 രൂപയുടെ കുടിശ്ശിക തീർക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 2,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

നഗരകാര്യ ഡയറക്ടർ ഉപയോഗിച്ചുവന്നിരുന്ന വാഹനം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാതായിരിക്കുന്നതിനാൽ നഗരകാര്യ ഡയറക്ടർക്ക് പുതിയ വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 12 ലക്ഷം രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-65—ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ കുടിശ്ശികയുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 2,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

തിരുവനന്തപുരം, എറണാകുളം, തൃശൂർ എന്നീ ജില്ലാ പ്ലാനിംഗ് യൂണിറ്റ് ഓഫീസുകൾ പുതിയ കെട്ടിടങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ 25.55 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

തിരുവനന്തപുരം ജില്ലാ ഓഫീസ് പ്രവർത്തിക്കുന്ന പുതിയ കെട്ടിടത്തിന് പ്രതിമാസം 1,01,000 രൂപ വാടകയിനത്തിൽ നൽകുന്നതിന് സർക്കാർ ഉത്തരവായി ട്ടുള്ളതിനാൽ ബജറ്റ് വിഹിതമായി അനുവദിച്ച 6,50,000 രൂപ തികച്ചും പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-01-800-99—തലസ്ഥാന നഗരവികസന പദ്ധതി

തലസ്ഥാന നഗരവികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്ന തലസ്ഥാന മേഖലാ വികസന പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 2217-01-800-99-34—മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ 1,00,000 രൂപ മാത്രമാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളതെന്നും നഗരറോഡുകളുടെ വികസനം, തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചക്കലിൽ പുതിയ ബസ് ടെർമിനൽ നിർമ്മിക്കലും എന്നീ പദ്ധതി കളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾക്ക് ഈ തുക തീരെ പര്യാപ്തമല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലേക്ക് 2217-01-800-99-34—മറ്റു ചെലവുകൾ എന്ന ശീർഷകത്തിൽ 34.99 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തലസ്ഥാന നഗരവികസന പദ്ധതി നടത്തിപ്പിനായി നിലവിലുള്ള ഒരു ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള രണ്ട് ടൗൺ പ്ലാനർമാർ, സിസ്റ്റം സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി 2217-01-800-99-01 ശമ്പളം എന്ന ശീർഷകത്തിൽ 43.25 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന XXXV—പഞ്ചായത്ത്

2515-00-001-99—ഭരണവും നടത്തിപ്പും—മേൽനോട്ടം

വിവിധ ഇനങ്ങളിലായി ഈ ശീർഷകത്തിൽ നടപ്പുവർഷം അധികതുക ആവശ്യമാണെന്നുകാണുന്നതിനാൽ 1.20 കോടി രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-68—ശുചിത്വ കേരളം പദ്ധതി (ശുചിത്വ മിഷൻ) ഗ്രാമ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വാർഡ് ഒന്നിന് 10,000 രൂപ എന്ന കണക്കിൽ 16680 ഗ്രാമപഞ്ചായത്ത് വാർഡുകൾക്ക് 19.20 കോടി രൂപ 2013-14-ലെ ബജറ്റിൽ വകയിരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നതിൽ 55 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 16.50 കോടി രൂപ ആവശ്യംവന്നതായി മനസ്സിലാക്കിയ സമിതി ബാക്കി 16.13 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-800-86—ത്രിതല പഞ്ചായത്തുകളുടെ കംപ്യൂട്ടർവൽക്കരണം (ഇൻഫർമേഷൻ കേരളാ മിഷൻ)

ത്രിതലപഞ്ചായത്തുകളുടെ കംപ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 6.70 കോടി രൂപ പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3.80 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-001-97—ജില്ലാഭരണം

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക വ്യത്യസ്ത ഇനങ്ങളിൽപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ നടപ്പുവർഷം മൊത്തം 5,04,25,000 രൂപ കൂടി ഇതിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-101-98—പഞ്ചായത്ത് രാജ് ജേർണലിന്റെ പ്രസിദ്ധീകരണം

തദ്ദേശഭരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ഉതകുന്ന തരത്തിൽ ഭരണസമിതികൾക്കും ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കും സമഗ്രമായ വിവരം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് രാജ് മാസിക പ്രതിമാസം 23000 കോപ്പി പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവിനുപുറമെ പബ്ലിസിറ്റി ഓഫീസർ, ഒരു യു.ഡി. ക്ലാർക്ക് എന്നിവരുടെ ഔദ്യോഗിക ചെലവുകളും വഹിക്കുന്നത് ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നാണെന്ന് സമിതി മനസ്സിലാക്കുന്നു. പഞ്ചായത്ത് രാജ് മാസികയുടെ ഘടനയിൽ ഗുണപരമായ മാറ്റം വരുത്തേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-94—റെയിൽവേ ലെവൽ ക്രോസിംഗുകളുടെ സംരക്ഷണം—സഹായധനം

ഗ്രാമീണ മേഖലയിൽ റയിൽവേ ലവൽ ക്രോസിംഗുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് ചെലവിടുന്ന തുകയുടെ പകുതി ഗ്രാന്റായി നൽകുന്നതിന് നടപ്പുവർഷം 3,19,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ഇനത്തിൽ 1,80,16,899 രൂപ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ റെയിൽവേക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ളതിനാൽ ഈ ഇനത്തിലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-22—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ

IT—കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന്

ട്രിബ്യൂണലിൽ പുതിയ കംപ്യൂട്ടറുകൾ വാങ്ങുന്നതിന് 6 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും

ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 25,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി ഉച്ചയ്ക്കുശേഷം 3.20-ന് യോഗം പിരിഞ്ഞു.

## 2013 ഏപ്രിൽ 25-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ ഒരു യോഗം 2013 ഏപ്രിൽ മാസം 25-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ

അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം

2. ശ്രീ. വി. ശിവൻകുട്ടി

3. ശ്രീ. ഇ. കെ. വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. എസ്. സെന്തിൽ, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, ഹൗസിംഗ് കമ്മീഷണർ ആന്റ് സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.
4. ശ്രീ. രാജീവ് കരിയിൽ, ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം.
5. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്.
6. ശ്രീ. എബി പോൾ, ഡയറക്ടർ, കുടുംബശ്രീ.
7. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറേറ്റ്.
8. ശ്രീ. അനിൽ കാന്ത്, മാനേജിംഗ് ഡയറക്ടർ, കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, തിരുവനന്തപുരം.
9. ശ്രീ. ഹാരിസൺ സേവ്യർ, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
10. ശ്രീ. കെ. ദിവാകരൻ, അഡീഷണൽ രജിസ്ട്രാർ, ഓഫീസ് ഓഫ് ദി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.
11. ശ്രീ. എൻ. അശോക കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്.
12. ശ്രീ. എ. മോഹനകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്.

13. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്).

14. ശ്രീ. ജെയിംസ് ജേക്കബ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

15. ശ്രീ. പി. ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

16. ശ്രീ. വി. എസ്. ബിനു, ജോയിന്റ് സെക്രട്ടറി, കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ.

17. ശ്രീ. കെ. ശിവകുമാർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കമ്മീഷണറേറ്റ് ഓഫ് റൂറൽ ഡെവലപ്മെന്റ്.

18. ശ്രീമതി എസ്. വി. കല, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

19. ശ്രീമതി സുനിത കമൽ, ചീഫ് പ്ലാനർ, ഹൗസിംഗ് ഡിപ്പാർട്ട്മെന്റ്.

20. ശ്രീമതി എം. വത്സമ്മ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

സമിതി 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXI (ഭവനനിർമ്മാണം) XXXVI (ഗ്രാമവികസനം) എന്നിവയും ധനാഭ്യർത്ഥന നമ്പർ XXXV (പഞ്ചായത്ത്) XXII (നഗരവികസനം) എന്നിവയിൽ ശേഷിച്ച ധനാഭ്യർത്ഥനകൾ യഥാക്രമം ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ, സ്വർണ്ണ ജയന്തി ഷഹരി റോസ്ഹാർ യോജന എന്നിവയും പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകൾ/ നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

2216-80-103-99-01—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)-36—സഹായധനം—ശമ്പളേതരം

ദുർബ്ബല വിഭാഗ പാർപ്പിട പദ്ധതി നടപ്പിലാക്കിയതു വഴിയുള്ള കമ്മി നികത്തുന്നതിനായി 63.10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(02)—വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വർക്കിംഗ് ജേർണലിസ്റ്റുകൾക്കുള്ള ഭവനപദ്ധതിയിൽ സർക്കാർ സബ്സിഡി ഒരു ലക്ഷമായി വർദ്ധിപ്പിച്ചുനൽകുന്നതിനും ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷം അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(06)—പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കുമുള്ള ഭവനപദ്ധതി

13.5 ശതമാനം പലിശനിരക്കിൽ നൽകുന്ന ഭവനവായ്പ പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും 7.5 ശതമാനം നിരക്കിൽ നൽകുമ്പോൾ പലിശയിനത്തിലുണ്ടാകുന്ന വ്യത്യാസം തീർപ്പാക്കുന്നതിന് ഈ ശീർഷകത്തിൽ അധികമായി 2.25 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(07)—മൈത്രി പലിശ സബ്സിഡി

മൈത്രി ഭവനനിർമ്മാണ പദ്ധതിയിൽ പലിശ സബ്സിഡി ഇനത്തിൽ തുക സർക്കാരിൽ നിന്നും ലഭിക്കേണ്ടതുള്ളതിനാൽ 164,85,13,000 രൂപ ഇതിലേക്ക് 2216-80-103-99(07) എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(35)—ലക്ഷംവീട് ബമ്പർ ലോട്ടറി/തനത് വരുമാനം

ലോട്ടറിയുടെ സെയിൽ പ്രോസീഡ്സ് സർക്കാർ നൽകുമെന്ന് ഏറ്റിരുന്നെങ്കിലും ആയത് ലഭ്യമായിട്ടില്ല. പ്രസ്തുത ആവശ്യത്തിലേക്ക് ഈ ശീർഷകത്തിൽ 6.16 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(37)—ഗൃഹശ്രീ—സബ്സിഡി

ഗൃഹശ്രീ പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനായി 90 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6216-80-201-99—കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

07—ഹഡ്കോയ്ക്കുള്ള ബാദ്ധ്യത തീർപ്പാക്കൽ

ഹഡ്കോയ്ക്കുള്ള ലോൺ തിരിച്ചടവിനായി നടപ്പു സാമ്പത്തിക വർഷം അനുവദിച്ച വിഹിതത്തിനു പുറമേ 12,27,20,000 രൂപ കൂടി അധിക വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൽപ്പറ്റ ഭവനപദ്ധതി (നോൺ പ്ലാൻ)

ഈ പദ്ധതിപ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില സർക്കാരിൽ നിന്ന് ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 1,87,77,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഒ.റ്റി.എസ്. ആനുകൂല്യം (നോൺ പ്ലാൻ)

ദുർബ്ബല വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഒ.റ്റി.എസ്. ആനുകൂല്യം നൽകിയ വകയിൽ തുക സർക്കാരിൽനിന്നും നൽകേണ്ടതായ 137.85 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഇ.ഡബ്ള്യു.എസ്. ലോൺ എഴുതിത്തള്ളിയതിൽ ബാക്കി ലഭിക്കാനുള്ളത്

ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ലോൺ എഴുതിത്തള്ളിയ ഇനത്തിൽ ബാക്കി തുക സർക്കാരിൽനിന്നും നൽകാനുള്ളതിനാൽ പ്രസ്തുത ഇനത്തിൽ 71.24 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

റവന്യൂ ടവർ പദ്ധതി മട്ടന്നൂർ ആന്റ് ഹരിപ്പാട് (നോൺ പ്ലാൻ)

4216 (പുതിയ ശീർഷകം)

മട്ടന്നൂരിലും ഹരിപ്പാടിലുമുള്ള റവന്യൂ ടവർ പദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 15 കോടി രൂപ റവന്യൂ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന്—റവന്യൂ ടവർ, എറണാകുളം (നോൺ പ്ലാൻ)

6216 (പുതിയ ശീർഷകം)

എറണാകുളത്ത് മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 15 കോടി രൂപ ബജറ്റ് വിഹിതമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സിറ്റി സെന്റർ, തൊടുപുഴ (നോൺ പ്ലാൻ)

6216 (പുതിയ ശീർഷകം)

തൊടുപുഴ സിറ്റി സെന്റർ പദ്ധതി നടപ്പിലാക്കുന്നതിന് 20 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സാന്ത്വനം വാടകവീട് പദ്ധതി (പ്ലാൻ)

4216 (പുതിയ ശീർഷകം)

സാന്ത്വനം വാടകവീട് പദ്ധതി നടപ്പാക്കാൻ 5 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സുരഭി ഭവനപദ്ധതി (പ്ലാൻ)

2216 (പുതിയ ശീർഷകം)

ദുർബല വിഭാഗക്കാർക്ക് വസ്തുവിൽ വീടുവച്ചുനൽകുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-103-99—മൈത്രി ആന്വറ്റി ഡെപ്പോസിറ്റ് (നോൺ പ്ലാൻ)

പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ 1996-2001 കാലയളവിൽ ഭവനനിർമ്മാണ ബോർഡിൽ അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുക തിരിച്ചുനൽകുന്നതിനായി 21.85 കോടി രൂപ 2216-80-103-99 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6216-80-201-99 (06)—വർക്കിംഗ് ക്യാപ്പിറ്റൽ (നോൺ പ്ലാൻ)

പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി 50 കോടി രൂപ 6216-80-201-99 (06) എന്ന ശീർഷകം ഉൾപ്പെടുത്തി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-800-85—കോഴിക്കോട് ജില്ലയിലെ ബംഗ്ലാദേശ് കോളനിയിലെ 340 കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ളാറ്റ് നിർമ്മാണം

ഈ പദ്ധതിപ്രകാരം ആദ്യഘട്ടത്തിൽ പൂർത്തീകരിച്ച 218 വീടുകളുടെ പണിയുമായി ബന്ധപ്പെട്ട കോൺട്രാക്ടേഴ്സ് ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും രണ്ടാംഘട്ട പണിയുടെ നടത്തിപ്പിനുമായി ഈ ശീർഷകത്തിൽ 21.10 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6216-80-190-98—സാഫല്യം ഭവനപദ്ധതി (പാർപ്പിടാവകാശ പദ്ധതി ഭവനരഹിതരായ ആളുകൾക്കുള്ള ഭവനപദ്ധതി)

900 ഫ്ളാറ്റുകൾ പണിയുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും എന്നാൽ സർക്കാർ വിഹിതമായി ഫ്ളാറ്റ് ഒന്നിന് 2 ലക്ഷം രൂപ എന്ന നിരക്കിൽ തുക അനുവദിക്കുന്നതിന് ബജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ഇനത്തിൽ അധിക വിഹിതമായി 12 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-02-800-96—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ താഴ്ന്ന വരുമാനക്കാർക്കുള്ള ഫ്ളാറ്റ് നിർമ്മാണം

2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തികവർഷം 2 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-003-99—കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കട്ടപ്പന

2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2.50 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-80-190-97—കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ—രൂപീകരണം

ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷന് കമ്പനിയായി പ്രവർത്തിക്കുവാൻ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അനുമതി ആവശ്യമാണെന്നും അത് ലഭിക്കണമെങ്കിൽ Authorized Share Capital-ഉം Paid up Share Capital-ഉം ഏറ്റവും ചുരുങ്ങിയത് 10 കോടി രൂപയായിരിക്കണം എന്നും 10 കോടി രൂപ Paid up Share Capital-ലായി കമ്പനി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തതിനുശേഷം മാത്രമേ ഹൗസിംഗ് ഫിനാൻസ് കമ്പനിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും നേടിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നും സമിതിയിൽ വെളിവാക്കപ്പെട്ടു.

ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് 9 കോടി രൂപ കൂടി അധിക വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

21-1—വാഹനം വാങ്ങൽ

ടെക്നിക്കൽ സെല്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി നടപ്പു സാമ്പത്തികവർഷം 6 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-001-96—ഹൗസിംഗ് കമ്മീഷണറുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണവും ആധുനികവൽക്കരണവും

ടെക്നിക്കൽ സെല്ലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ടെക്നിക്കൽ സെല്ലിലെ സാമഗ്രികൾ മാറ്റിസ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നതിനാൽ ഇതിലേക്ക് 2 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-01-106-99—ഭരണവും നടത്തിപ്പും 2059 പൊതുമരാമത്തു എന്നതിൽ നിന്ന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കു മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങളിൽ അധികമായി അനുവദിക്കുന്ന വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിലും അധിക വിഹിതം അനുവദിക്കേണ്ടതിനാൽ 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-01-106-97—സംരക്ഷണവും അറ്റകുറ്റപ്പണികളും

മതിയായ ബഡ്ജറ്റ് വിഹിതം ലഭ്യമാകാത്തതുമൂലം ഒട്ടേറെ ക്വാർട്ടേഴ്സുകളുടെ സംരക്ഷണപണികൾ പെന്റിംഗിലായതിനാൽ ഈ ശീർഷകത്തിൽ സാധാരണ അറ്റകുറ്റപ്പണികൾക്കായി 4 കോടി രൂപയും പ്രത്യേക അറ്റകുറ്റപ്പണികൾക്കായി 5 കോടി രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസിനായി 1 കോടി രൂപയും ചേർത്ത് 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-01-106-96—2059 പൊതുമരാമത്ത് എന്നതിൽ നിന്ന് യന്ത്രോപകരണങ്ങൾക്കും പണിയായുധങ്ങൾക്കും വേണ്ടി മാറ്റിയ വിഹിതം

2059 പൊതുമരാമത്ത് എന്നതിൽ നിന്നും മറ്റു ശീർഷകങ്ങളിലെ അടങ്കൽ തുകയ്ക്ക് ആനുപാതികമായി ഈ ശീർഷകത്തിൽ തുക വകയിരുത്തേണ്ടതായിട്ടുള്ളതിനാൽ മറ്റു ശീർഷകങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന അധിക തുകകൾ നൽകുന്ന മുറയ്ക്ക് ആനുപാതികമായുള്ള തുക ലഭ്യമാക്കുന്നതിന് ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-01-106-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ഇതിൽ സാധാരണ അറ്റകുറ്റപ്പണികൾ എന്ന കണക്കിനത്തിൽ 1 കോടി രൂപയും പ്രത്യേക അറ്റകുറ്റപ്പണികൾ എന്ന കണക്കിനത്തിൽ 1കോടി രൂപയും ഇലക്ട്രിക്കൽ മെയിന്റനൻസ് എന്ന കണക്കിനത്തിൽ 50 ലക്ഷം രൂപയും ഉൾപ്പെടുത്തി ആകെ 2.50 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-01-106-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

നിയമസഭാ സാമാജികരുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി (സിവിലും ഇലക്ട്രിക്കലും) 2013-14 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള 1.25 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-99—ഭരണവും നടത്തിപ്പും 2059 പൊതുമരാമത്ത് എന്നതിൽ നിന്നും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജുകൾക്കുവേണ്ടി മാറ്റിയ വിഹിതം

സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള മൂലധനചെലവ് വിഭാഗത്തിൽ 2013-14 വർഷത്തേക്ക് 4216-01-106-98, 4216-01-106-97, 4216-01-106-96, 4216-01-106-94 എന്നീ ശീർഷകങ്ങളിലായി വകയിരുത്തിയിരിക്കുന്ന തുക ആകെ 13.90 കോടി രൂപ (482 ലക്ഷം+ 8 ലക്ഷം + 300 ലക്ഷം + 600 ലക്ഷം)-യുടെ 20% അതായത് 2.78 കോടി രൂപ എസ്റ്റാബ്ലിഷ്മെന്റ് വിഹിതമായി നടപ്പുവർഷം ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-98—നിർമ്മാണം

ഈ ശീർഷകത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 3.93 കോടി രൂപ (16—വൻകിട മരാമത്ത് പണികൾ) അനുവദിച്ചെങ്കിലും ഉദ്യോഗസ്ഥർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ (02) എന്ന കണക്കിനത്തിൽ ഈ ആവശ്യത്തിലേക്ക് 200 ലക്ഷം രൂപയും കോട്ടയം വർക്കിംഗ് വിമൺസ് ഹോസ്റ്റൽ പണിക്കായി (03) എന്ന കണക്കിനത്തിൽ ബജറ്റ് വിഹിതത്തിനുപുറമെ 111 ലക്ഷം രൂപയും സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതിപ്രകാരം നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനും പുതിയവ ഏറ്റെടുക്കുന്നതിനുമായി (04) എന്ന കണക്കിനത്തിൽ 3 കോടി രൂപയും വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-97—യന്ത്രോപകരണങ്ങൾ 2059 പൊതുമരാമത്ത് എന്നതിൽ നിന്നും പണിയായുധങ്ങൾക്കും യന്ത്രസാമഗ്രികൾക്കും വേണ്ടി മാറ്റിയ വിഹിതം

മറ്റ് ശീർഷകങ്ങളിലെ തുകയ്ക്ക് ആനുപാതികമായി 2059 പൊതുമരാമത്ത് ടി & പി ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ ഇനത്തിലുള്ള വിഹിതമാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നത്. മറ്റു ശീർഷകങ്ങളിൽ അനുവദിക്കുന്ന അധികതുകയ്ക്ക് ആനുപാതികമായി (അതായത് 1.40% നിരക്കിൽ) ഈ ശീർഷകത്തിൽ അധിക വിഹിതം അനുവദിക്കേണ്ടതായിട്ടുള്ളതിനാൽ 28,00,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-01-106-96—നഗരപ്രദേശങ്ങളിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള നവീന ഭവന പദ്ധതി

പദ്ധതിയുടെ പുരോഗതിക്കനുസരിച്ച് ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ ആർട്ടിസാൻ പരിശീലനം

2007-08 സാമ്പത്തികവർഷം മുതൽ നിർമ്മിതികേന്ദ്രം നടത്തിവരുന്ന ഒരു പ്രധാന പദ്ധതിയാണ് ആർട്ടിസാൻ ട്രെയിനിംഗ്. കേരളത്തിലുടനീളമുള്ള കെസ്നിക്കിന്റെ വിവിധ സെന്ററുകൾ വഴിയാണ് പ്രസ്തുത പരിശീലനം നടത്തുന്നത്. നിർമ്മാണ മേഖലയിൽ പുതിയ തൊഴിലാളികളെ വാർത്തെടുക്കാൻ പാകത്തിൽ രൂപപ്പെടുത്തിയ ഈ പദ്ധതി നിർമ്മിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നാണ്. നടപ്പുവർഷം ഇതേ ശീർഷകത്തിൽ കലവറയ്ക്ക് അനുവദിച്ച 4.4 കോടി രൂപയിൽ നിന്ന് ആർട്ടിസാൻ ട്രെയിനിംഗിനായി 50 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രീഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ വസ്തുക്കളുടെ നിർമ്മാണ യൂണിറ്റ്

കെട്ടിടനിർമ്മാണ വസ്തുക്കളുടെ വില അനുദിനം സാധാരണ ആളുകൾക്ക് താങ്ങാവുന്നതിലധികം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും അതുപോലെ തന്നെ മാസ് ഹൗസിംഗ് പദ്ധതികളുടെ ആവശ്യം നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരുപോലെ വർദ്ധിച്ചുവരികയാണെന്നും ആയതിനാൽ പ്രീഫാബ്രിക്കേറ്റഡ് വസ്തുക്കളുടെ ഉപയോഗം ഈ മേഖലയിലെ ചെലവുകൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തി. നടപ്പു സാമ്പത്തികവർഷം കേരള സംസ്ഥാന നിർമ്മിതികേന്ദ്രം പ്രീഫാബ്രിക്കേറ്റഡ് റൂഫിംഗ് ചാനലുകളുടെയും ആർ.സി.സി. ബിം & പ്ലാങ്കുകളുടെയും ഒരു നിർമ്മാണ യൂണിറ്റ് വെള്ളറടയിൽ കെസ്നിക്കിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്തിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ ഇതേ ശീർഷകത്തിൽ കലവറ പദ്ധതിക്കുവേണ്ടി അനുവദിച്ച 4.4 കോടി രൂപയിൽ നിന്ന് 40 ലക്ഷം രൂപ ഈ പദ്ധതിക്ക് വകമാറ്റി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

2013-14 വർഷം കോർപ്പറേഷൻ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിനായി പ്ലാൻ ഇനത്തിൽ 57.44 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 21,32,13,000 രൂപയും ഈ ശീർഷകത്തിൽ അധിക വിഹിതമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-80-190-99—പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് വീട് വെയ്ക്കാൻ വായ്പ

പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ പലിശ സബ്സിഡി നൽകുന്നതിനുവേണ്ടി 52.64 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2216-03-104-99 (01)—സർക്കാർ ജീവനക്കാർക്ക് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി

സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖല യിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം കുറയ്ക്കുന്ന പദ്ധതിക്കായി മേൽപ്പറഞ്ഞ ശീർഷകത്തിൽ 509,89,21,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4216-80-195-99—ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ

05—പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഓഹരി മൂലധനം അംശദാനം

പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് ആവശ്യമായ ഓഹരി മൂലധനം ലഭ്യമാക്കുന്നതിന് ഒരു കോടി രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം

വായ്പാത്തുക അടച്ചുതീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത ആൾക്കാർക്ക് പ്രമാണം തിരികെ നൽകുന്നതിന് 7.5 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിന് ശേഷം മരണപ്പെടുന്നവരുടെയും മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും തികച്ചും നിരാലംബരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി

ഭവന വായ്പയെടുത്തിട്ട് മരണമോ മാരകരോഗങ്ങളോ ബാധിച്ചവരുടെ ഭവനം (കിടപ്പാടം) നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്ന തിന് 5 കോടി രൂപ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

2501-06-196-48—കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ബ്ലോക്ക് ഗ്രാന്റ് (25% സംസ്ഥാന വിഹിതം)

പഞ്ചായത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ ഭരണച്ചെലവുകൾ വഹിക്കുന്നതിനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. ജില്ലയിലെ ബ്ലോക്കുകളുടെ എണ്ണത്തിനനുസരിച്ച് നിശ്ചയിച്ചിട്ടുള്ള പരിധിക്ക് വിധേയമായി കേന്ദ്രസംസ്ഥാന സർക്കാരുകൾ 75:25 എന്ന അനുപാതത്തിൽ ഈ സ്കീമിന്റെ ചെലവ് വഹിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും കണ്ടിജൻസി ചെലവുകളും വഹിക്കുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തെ 2-ാം ഗഡു സംസ്ഥാന വിഹിതം കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് നൽകുന്നതിന് അധിക വിഹിതം ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ഇനത്തിൽ 11.66 ലക്ഷം രൂപ കൂടി അധിക വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2515-00-102-42—പട്ടുനൂൽകൃഷി വികസന പദ്ധതി (50% cess)

ഈ പദ്ധതിയിൽ പുതുതായി വിള ഇൻഷുറൻസ് പദ്ധതി, ബെനഫിഷ്യറി എംപവർമെന്റ് പരിപാടി, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാൻ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനമുള്ളതിനാൽ ആയതിലേക്ക് ഈ ശീർഷകത്തിൽ അധിക വിഹിതമായി 17 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-197-36—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഓഫീസ് കെട്ടിടം

(01)—കെട്ടിട നിർമ്മാണം

പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകളായ കാസർഗോഡ് ജില്ലയിലെ കാറഡുക്ക, പരപ്പ, കണ്ണൂർ ജില്ലയിലെ പാനൂർ, കല്യാശ്ശേരി, വയനാട് ജില്ലയിലെ പനമരം, മലപ്പുറം ജില്ലയിലെ കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിടനിർമ്മാണത്തിന് പദ്ധതി ലക്ഷ്യമിടുന്നതായും ഒരു ബ്ലോക്ക് പഞ്ചായത്തിന് 1.50 കോടി രൂപ വെച്ച് 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടംനിർമ്മിക്കുന്നതിന് ആകെ 9 കോടി രൂപ ആവശ്യമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അധിക വിഹിതമായി 7 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2501-06-197-48—കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ബ്ലോക്ക് ഗ്രാന്റ് (25% സംസ്ഥാന വിഹിതം)

(05)—സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന—സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം

എസ്.ജി.എസ്.വൈ. പദ്ധതിക്കുകീഴിൽ ഏകദേശം 72741 സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചതിൽ 22119 സംഘങ്ങൾക്കുമാത്രമേ വായ്പാ സബ്സിഡി ഇനങ്ങളിലായി സഹായം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നും എന്നാൽ 2012-13 വർഷം മുതൽ എസ്.ജി.എസ്.വൈ. പദ്ധതി നിർത്തലാക്കിയതിനാൽ മേൽ പരാമർശിച്ച സ്വയംസഹായ സംഘങ്ങൾക്ക് ലഘുസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സഹായം നൽകിക്കൊണ്ട് അവരെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരുന്നതിന് ആരംഭിച്ച പുതിയ പദ്ധതിയാണിതെന്ന് സമിതിയിൽ വ്യക്തമാക്കി. ഒരു ബ്ലോക്കിൽ നിന്നും 10 സ്വയംസഹായ സംഘങ്ങൾ വീതം 152 ബ്ലോക്കുകളിൽ നിന്നും 1520 സ്വയംസഹായ സംഘങ്ങൾക്ക് 2.5 ലക്ഷം രൂപ വെച്ച് സഹായം നൽകുന്നതിനും പരിശീലനം നൽകുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിലേക്കായി 28.76 കോടി രൂപ അധിക വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-102-79—ഗ്രാമവികസനത്തിന് വേണ്ടിയുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ (കേന്ദ്രാവിഷ്കൃത പദ്ധതി 50% കേന്ദ്ര സഹായം)

ഗ്രാമവികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുള്ള പരിശീലന ഗവേഷണ സ്ഥാപനമായ സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ആർ.ആർ.ഡി.)-ന് 2515-00-102-79-34 (പ്ലാൻ) എന്ന ശീർഷകത്തിൽ ജീവനക്കാരുടെ ശമ്പളം, പരിശീലന ചെലവുകൾ, ഭരണ നിർവ്വഹണ ചെലവുകൾ എന്നിങ്ങനെയുള്ള ആവർത്തന ചെലവുകളുടെ 50% സംസ്ഥാന വിഹിതമായി 140 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിട്ടുണ്ട്. ഈ ശീർഷകത്തിൽ കേന്ദ്രസർക്കാർ അനുവദിക്കുന്ന തുകയ്ക്ക് ആനുപാതികമായി മാത്രമേ സംസ്ഥാന വിഹിതത്തിൽ നിന്നും ഫണ്ട് റിലീസ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. റക്കറിംഗ് ഗ്രാന്റ് ഇനത്തിൽ ഫണ്ടിന്റെ അഭാവംമൂലം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുള്ളതിനാൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി പുതിയ പദ്ധതിയായി പുതിയ ശീർഷകത്തിൽ 50 ലക്ഷം രൂപ സംസ്ഥാന വിഹിതമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-48—കുടുംബശ്രീ

കേന്ദ്രസർക്കാരിന്റെ പരിഷ്കരിച്ച എസ്. ജെ. എസ്. ആർ. വൈ. പദ്ധതിയായ എൻ. ആർ. എൽ. എം. പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കുടുംബശ്രീ. 2013-14 സാമ്പത്തികവർഷത്തേക്ക് എൻ. ആർ. എൽ. എം. പദ്ധതിപ്രവർത്തനങ്ങൾക്കായി സംസ്ഥാന വിഹിതമായി 22.00 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും ഈ പദ്ധതിക്ക് 2012-13-വർഷം സംസ്ഥാന വിഹിതമായി

11.95 കോടി രൂപ ലഭിക്കേണ്ടയിടത്ത് 6.56 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും ബാക്കി ലഭിക്കുവാനുള്ള 5.39 കോടി രൂപ നടപ്പുവർഷം എൻ. ആർ. എൽ. എം.-ന് സംസ്ഥാനവിഹിതമായി ലഭിച്ച തുകയിൽ നിന്നും കുടുംബശ്രീക്ക് ലഭ്യമാക്കേണ്ട താണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ അധിക വിഹിതമായി 5.39 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2515-00-800-14—ഭവനശ്രീ വായ്പ ഏറ്റെടുക്കൽ

ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്ത സമയത്ത് സഹകരണ ബാങ്കുകളിലെ ഭവനശ്രീ വായ്പാ അക്കൗണ്ടുകളും കരാർ ഒപ്പിട്ട് ആദ്യ ഗഡു തുക നൽകിയ തിനുശേഷം അക്കൗണ്ടുകളുടെ വിവരങ്ങൾ നൽകിയ വിജയ ബാങ്ക്, കോർപ്പറേഷൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് തുടങ്ങിയ ബാങ്കുകളിലെ അക്കൗണ്ടുകളും കരാർ ഒപ്പിട്ട 9 ബാങ്കുകളിലെ അഡീഷണൽ അക്കൗണ്ടുകളും സർക്കാർ ഏറ്റെടുക്കാതിരു ന്നതിനാൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത 3543 ഗുണഭോക്താക്ക ളുടെ 12,16,44,417 രൂപയും, ദേശസാൽക്കൃത ബാങ്കുകളിലെ അഡീഷണൽ അക്കൗണ്ടു കളിലെ 1316 ഗുണഭോക്താക്കളുടെ 7,31,92,912 രൂപയുംകൂടി ഏറ്റെടുക്കുന്നതിന് ഈ ഇനത്തിൽ ആകെ 19,48,37,329 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.)

ദേശീയ ഉപജീവന മിഷന്റെ ഉപപദ്ധതിയായ മഹിളാ കിസാൻ ശാക്തീകരണ പരിയോജന (എം.കെ.എസ്.പി.)-യുടെ ആകെ അടങ്കൽ തുക 79.90 കോടി രൂപയാണ്. ഇതിന്റെ 45.20% തുകയായ 36.14 കോടി രൂപ കേന്ദ്ര സർക്കാരിന്റെ എം. കെ. എസ്. പദ്ധതി മുഖേനയും 1.20 കോടി രൂപ തൊഴിലുറപ്പ് പദ്ധതി മുഖേനയും 14.70 കോടി രൂപ എൻ. ആർ. എൽ. എം. മുഖേനയും ലഭ്യമാകുന്നു. ബാക്കി 35% ആയ 27.90 കോടി രൂപ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും വകകൊള്ളിക്കേണ്ടതു മാണ്. എന്നാൽ സംസ്ഥാന വിഹിതമായി 2012-13 സാമ്പത്തികവർഷത്തിൽ ലഭിക്കേണ്ട 6.975 കോടി രൂപയും 2013-14 സാമ്പത്തികവർഷത്തെ 13.925 കോടി രൂപയും അനുവദിച്ചിട്ടില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2012-13, 2013-14 വർഷങ്ങളിലെ സംസ്ഥാനവിഹിതമായി ഈ ഇനത്തിൽ 20,89,50,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം

04—സജ്ജീകരിക്കൽ

സ്വരാജ് ഭവന്റെ സിവിൽ/ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും, കേബിൾ മാനേജ്മെന്റ് സിസ്റ്റം, യു.പി.എസ്., സോളാർ പാനലിംഗ് എന്നീ പ്രവൃത്തികൾ അതാത് ഡിപ്പാർട്ടുമെന്റുകളുടെ ആവശ്യത്തിനനുസരണമായി നടപ്പിലാക്കുന്നതിനും അടിയന്തര ആവശ്യമായി തുക ലഭ്യമാക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അധിക വിഹിതമായി 5.05 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന—(എസ്.ജി.എസ്.ആർ.വൈ.) (75:25)

2217-05-192-82—(മുനിസിപ്പാലിറ്റി)

2217-05-191-86—(കോർപ്പറേഷൻ)

നഗരത്തിലെ തൊഴിലില്ലാത്തവരും ഭാഗികമായി തൊഴിലുള്ളവരുമായ പാവപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിലൂടെയും വേതനം നല്കാവുന്ന തൊഴിലവസരങ്ങളിലൂടെയും തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുക എന്നതാണ് സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.) പദ്ധതിയുടെ ലക്ഷ്യം. 2013-2014 വർഷത്തിൽ 2500 വ്യക്തിഗത സംരംഭങ്ങളും 850 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കുവാൻ ലക്ഷ്യമിടുന്നത് കൂടാതെ 18350 പേർക്ക് വിദഗ്ധ പരിശീലനം കൂടി നൽകുവാൻ പദ്ധതിയുള്ളതിനാൽ നിലവിലെ വിഹിതത്തിനു പുറമേ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

2215-00-196-39—ജില്ലാപഞ്ചായത്തുകൾക്കുള്ള ധനസഹായം—ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുത്തുനടത്തുന്ന നബാർഡ് സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികൾ

ഗ്രാമപ്രദേശങ്ങളിൽ വിവിധ മേഖലകളിലുള്ള അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെ 1995-96 മുതൽ ദേശീയ കൃഷി-ഗ്രാമവികസന ബാങ്ക് (നബാർഡ്) നടപ്പാക്കുന്ന പദ്ധതിയാണ് ഗ്രാമീണ അടിസ്ഥാനസൗകര്യ-വികസന പദ്ധതി അഥവാ ആർ.ഐ.ഡി.എഫ്. കൃഷി, ജലസേചനം, മണ്ണുസംരക്ഷണം, വെള്ളപ്പൊക്ക ദുരിതാശ്വാസം, ശുദ്ധജല വിതരണം, വിദ്യാഭ്യാസം, ആരോഗ്യം, ശുചീകരണം, നീർത്തട പരിപാലനം, വിവരസാങ്കേതികവിദ്യ, റോഡുകൾ, പാലങ്ങൾ തുടങ്ങി 31 തരം പ്രോജക്ടുകൾക്ക് നബാർഡിന്റെ ധനസഹായത്തിന് അർഹതയുണ്ട്. ഇടുക്കി പാക്കേജിന്റെ ഭാഗമായി അനുവദിച്ച റോഡുകളുടെ പണിക്കും പുരോഗതി യിലിരിക്കുന്ന PMRP വർക്കുകളുടെ നടത്തിപ്പിനും അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ഈ ഇനത്തിൽ അധിക വിഹിതമായി 5.50 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി രാവിലെ 11.45-ന് യോഗം പിരിഞ്ഞു.

## 2013 മേയ് 15-ാം തീയതിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ ഒരു യോഗം 2013 മേയ് മാസം 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും

ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എം. മാണിയും താഴെപ്പറയുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. റ്റി. എ. റഹീം
3. ശ്രീ. വി. ശിവൻകുട്ടി
4. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
5. ശ്രീ. കെ. വി. വിജയദാസ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി.

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

സമിതി 2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന ഏതാനും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിൽ ധനാഭ്യർത്ഥന XXXVI—(ഗ്രാമവികസനം)-ൽ ഉൾപ്പെടുത്തിയിരിക്കുന്ന 2515-00-102-42—പട്ടുനൂൽ കൃഷി വികസന പദ്ധതിക്ക് 17 ലക്ഷം രൂപ കൂടി വകയിരുത്തണമെന്നുള്ളത് സംബന്ധിച്ച സമിതിയുടെ ശുപാർശ, സെറിഫെഡ് നിലവിലില്ലാത്തതിനാലും സംസ്ഥാനവിഹിതമായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതിനാലും റിപ്പോർട്ടിൽ നിന്നും ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

താഴെപ്പറയുന്ന ശുപാർശകൾ റിപ്പോർട്ടിൽ യഥാക്രമം ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം, XXXV—പഞ്ചായത്ത് എന്നിവയിൽ ഉൾപ്പെടുത്തുന്നതിനും സമിതി തീരുമാനിച്ചു.

2216-80-103-99-01—സംസ്ഥാന ഹൗസിംഗ് ബോർഡ്

34—ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ നവീകരണം

ലക്ഷംവീട് പദ്ധതിപ്രകാരം നിർമ്മിച്ച ഭവനങ്ങളുടെ പുനർനിർമ്മാണത്തിനും നവീകരണത്തിനുമായി വീടൊന്നിന് 2 ലക്ഷം രൂപവീതം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൊതു ശുപാർശ

ഭവനനിർമ്മാണ പദ്ധതി ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ഫീ ഒഴിവാക്കിക്കൊടുക്കൽ

സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 229/2010/ത.സ്വ.ഭ.വ. തീയതി 25-8-2012 പ്രകാരം ഭവനനിർമ്മാണ ഗുണഭോക്താക്കൾ 12 വർഷത്തേക്ക് വീട് കൈമാറ്റം ചെയ്യുകയില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്റ്റർ

ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയ്ക്കായി രണ്ട് ശതമാനം നിരക്കിൽ നല്ലൊരു തുക ഗുണഭോക്താവ് നൽകിവരുന്നതായി സമിതി വിലയിരുത്തി. നിലവിൽ പട്ടികജാതി വികസന വകുപ്പിലൂടെ നടപ്പിലാക്കുന്ന ഭവന പദ്ധതികൾക്കും ഇ.എം.എസ്. ഭവന പദ്ധതിക്കും ഗുണഭോക്താക്കൾക്കുള്ള കരാർ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും സർക്കാർ പൂർണ്ണമായും ഒഴിവാക്കികൊടുത്തിട്ടുണ്ട്. ഇതേ മാതൃകയിൽ ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണം, സ്ഥലംവാങ്ങൽ പദ്ധതി എന്നിവയിലെ ഗുണഭോക്താക്കൾക്കും രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തുടർന്ന് സമിതി 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി ഉച്ചയ്ക്കുശേഷം 3.00 മണിക്ക് യോഗം പിരിഞ്ഞു.

## 2013 ജൂൺ 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2013 ജൂൺ 12-ാം തീയതി ബുധനാഴ്ച സഭാസമ്മേളനശേഷം വൈകുന്നേരം 5.50-ന് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. റ്റി. എ. റഹീം
3. ശ്രീ. വി. ശിവൻകുട്ടി
4. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
5. ശ്രീ. ഇ. കെ. വിജയൻ
6. ശ്രീ. കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

3. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

4. ശ്രീമതി കെ. എ. ശ്രീലേഖ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

സമിതി 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

ഒന്നാം ഖണ്ഡം

(1)-ാം ഉപഖണ്ഡത്തിൽ "2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ്" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ്" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

രണ്ടാം ഖണ്ഡം

2-ാം ഖണ്ഡത്തിൽ,—

(1) പ്രധാന ആക്റ്റിലെ 233-ാം വകുപ്പിന് (എ) ഇനപ്രകാരം പകരം ചേർക്കുന്ന (4)-ാം ഉപവകുപ്പിലെ,—

(i) "വർഷവും അഞ്ച് ശതമാനം എന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(ii) (ബി) ഖണ്ഡത്തിലെ "അടുത്തുവരുന്ന പഞ്ചവാർഷിക നികുതി" എന്നീ വാക്കുകൾക്കു പകരം "തുടർന്നുവരുന്ന അഞ്ചു വർഷക്കാലയളവിലേക്കുള്ള വാർഷിക വസ്തുനികുതി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ജി) ഇനം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുക:

"(ജി) (19)-ാം ഉപവകുപ്പിൽ,—

(i) (ii)–ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) വാർഷിക വസ്തുനികുതിയുടെ വർദ്ധനവിന്റെ ഏറ്റവും കുറഞ്ഞ പരിധിയും ഏറ്റവും കൂടിയ പരിധിയും നിശ്ചയിക്കൽ;";

(ii) (vi)-ാം ഇനം വിട്ടുകളയേണ്ടതാണ്";

നാലാം ഖണ്ഡം

പ്രധാന ആക്റ്റിലെ 477-ാം വകുപ്പിൽ പുതുതായി കൂട്ടിച്ചേർക്കുന്ന (9)-ാം ഉപവകുപ്പിലെ "താൽപ്പര്യത്തെ കരുതിയോ സൗകര്യമോ ശല്യമോ കാരണമാക്കിയോ" എന്നീ വാക്കുകൾക്കു പകരം "താല്പ്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

സർവ്വശ്രീ പി. റ്റി. എ. റഹീം, വി. ശിവൻകുട്ടി, പി. ശ്രീരാമകൃഷ്ണൻ, ഇ. കെ. വിജയൻ, കെ. വി. വിജയദാസ് എന്നീ അംഗങ്ങൾ പ്രസ്തുത ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടിന്മേൽ വിയോജനം രേഖപ്പെടുത്തി.

സമിതിയോഗം വൈകുന്നേരം 6.10-ന് പിരിഞ്ഞു.

## 2013 ജൂൺ 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2013 ജൂൺ മാസം 24-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 1.20-ന് (സഭാസമ്മേളനത്തിനുശേഷം) നിയമസഭാ കോംപ്ലക്സിലെ V–A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എം. മാണിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി
2. ശ്രീ. പി. റ്റി. എ. റഹീം
3. ശ്രീ. വി. ശിവൻകുട്ടി
4. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീ. ഹാരിസൺ സേവിയർ, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
3. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.
4. ശ്രീ. ജെയിംസ് ജേക്കബ്, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

**I. സമിതി 2012-2013, 2008-2009, 2007-2008 എന്നീ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

(1) 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 3075/സബ്.സി.ഡി1/2012/ലെജി.)

ഖണ്ഡിക നമ്പർ 3, 4, 8, 9, 10, 11, 14, 16, 17

(ഗവ. കത്ത് നമ്പർ 4098/ബി2/2012/ഭവനം തീയതി 8-5-2013)

ഖണ്ഡിക നമ്പർ 5, 6, 18, 19

(ഗവ. കത്ത് നമ്പർ 4099/സി1/2012/ഭവനം തീയതി 30-5-2013)

ഖണ്ഡിക നമ്പർ 20 മുതൽ 24 വരെ, 28, 29, 35 മുതൽ 39 വരെ, 42 മുതൽ 50 വരെ, 54 മുതൽ 67 വരെ.

(ഗവ. കത്ത് നമ്പർ 37613/എഫ്.എം.2/2012/ത.സ്വ.ഭ.വ. തീയതി 22-6-2013)

പ്രസ്തുത റിപ്പോർട്ടിൽ മറുപടി ലഭ്യമാക്കാതെയുള്ള താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

ഖണ്ഡിക 1, 2, 7, 12, 13, 15—ഭവനനിർമ്മാണ വകുപ്പ്.

ഖണ്ഡിക 25-27, 30-34, 40-41, 51-53—തദ്ദേശസ്വയംഭരണ വകുപ്പ്.

(2) 2008-2009 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 15598/സബ്.സി.ഡി1/2008/ലെജി.)

ഖണ്ഡിക നമ്പർ 44

(ഗവ. കത്ത് നമ്പർ 5772/എ3/2012/ഭവനം തീയതി 15-3-2013)

(3) 2007-2008 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 13447/സബ്.സി.ഡി1/2007/ലെജി.)

ഖണ്ഡിക നമ്പർ 26

(ഗവ. കത്ത് നമ്പർ 3790/എ3/2012/ഭവനം തീയതി 9-1-2013)

**II. സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കി പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടത്തിൽവന്ന പിശക് പരിഹരിച്ചുകൊണ്ടുള്ള തിരുത്തൽ വിജ്ഞാപനം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിന്മേൽ S.R.O. No. 868/2012 നമ്പറായി പുറപ്പെടുവിച്ച തിരുത്തൽ വിജ്ഞാപനം.

(ഫയൽ നമ്പർ 12210/സബ്.സി.ഡി1/2008/ലെജി.)

(ഗവ. കത്ത് നമ്പർ 54754/ആർ.ഡി2/2012/ത.സ്വ.ഭ.വ. തീയതി 5-4-2013)

തുടർന്ന് സമിതി 2012-2013 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അന്നേദിവസം സമിതി പരിഗണിച്ച തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾകൂടി പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ ആയത് അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.

## 2013 സെപ്റ്റംബർ 4-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ ഒരു യോഗം 2013 സെപ്റ്റംബർ മാസം 4-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5എ സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം, എം.എൽ.എ.
2. ,, വി. ശിവൻകുട്ടി, എം.എൽ.എ.
3. ,, ഇ. കെ. വിജയൻ, എം.എൽ.എ.
4. ,, കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ,, എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി എസ്. ശ്രീകല, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ,, സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
3. ശ്രീ. റ്റി. എം. ജവഹർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
4. ,, ഹാരിസൺ സേവ്യർ, അഡീഷണൽ സെക്രട്ടറി, ഭവനനിർമ്മാണവകുപ്പ്.
5. ,, ഈപ്പൻ വർഗ്ഗീസ്, ചീഫ് ടൗൺ പ്ലാനർ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്.
6. ,, ജയിംസ് ജേക്കബ്, ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്.

പ്രസ്തുത യോഗത്തിൽ പരിഗണിക്കാനിരുന്ന 2013-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളുടെ (എസ്.ആർ.ഒ. നമ്പർ 80/2013) പരിശോധന അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിലേക്ക് മാറ്റിവയ്ക്കുന്നതിന് സമിതി തീരുമാനിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ പ്രകാരം 'ദുർബല വിഭാഗങ്ങൾക്കായുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും' എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ദുർബല വിഭാഗങ്ങൾക്കായി ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയർ വിശദീകരിച്ചു.

1. ഇന്നോവേറ്റീവ് ഭവന നിർമ്മാണ പദ്ധതി

ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ബോർഡുവഴി നടപ്പാക്കിവരുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട ഒന്നാണ് ഇതെന്നും നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് ഫ്ളാറ്റ് പണിത് കൊടുക്കുന്ന പ്രസ്തുത പദ്ധതി തൃശ്ശൂർ കൂട്ടനെല്ലൂരിലും തിരുവനന്തപുരത്ത് പൂജപ്പുരയിലും എറണാകുളത്ത് കാക്കനാട്ടും കോഴിക്കോട് മെഡിക്കൽ കോളേജിനടുത്തും നടപ്പാക്കുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു. ഒരു ഫ്ളാറ്റ് എന്നതു സർവ്വീസ് ഏരിയ ഇല്ലാതെ 25 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഒരു ബെഡ്റൂമുള്ളതാണെന്നും സർവ്വീസ് ഏരിയയുൾപ്പെടെ ഒരു ഫ്ളാറ്റിന്റെ വിസ്തീർണ്ണം 31.87 സ്ക്വയർ മീറ്ററാണെന്നും മിതമായ വാടക നിശ്ചയിച്ച് തൊഴിലാളികളെ സെലക്ട് ചെയ്ത് ഫ്ളാറ്റ് നൽകുകയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതെന്നും തിരുവനന്തപുരം പൂജപ്പുരയിൽ 40-ഉം എറണാകുളത്ത് 34-ഉം ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകിക്കഴിഞ്ഞെന്നും ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും അദ്ദേഹം വിശദീകരിച്ചു.

വാടക തീരുമാനിക്കുന്നത് സ്ക്വയർ മീറ്ററിന്റെ അടിസ്ഥാനത്തിലാണോ എന്ന സമിതിയുടെ ചോദ്യത്തിന് വാടകയും മറ്റ് ചെലവുകളുമുൾപ്പെടെ ആയിരം രൂപയാണ് ഇപ്പോൾ ഈടാക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകി.

പത്രപരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ച് അതിൽനിന്നും നറുക്കിട്ടെടുത്താണ് ഫ്ളാറ്റുകൾ നൽകുന്നതെന്നും പണിത്തീർത്ത എല്ലാ ഫ്ളാറ്റുകളും കൊടുത്തു കഴിഞ്ഞുവെന്നും കോഴിക്കോടുള്ള ഫ്ളാറ്റുകളുടെ പണി രണ്ട് ഘട്ടമായാണ് നടക്കുന്നതെന്നും അവ ഉടൻതന്നെ പൂർത്തിയാകുമെന്നും ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഉദ്യോഗസ്ഥൻ മറുപടി നൽകി.

2. സാഫല്യം EWS ഭവന പദ്ധതി

സമൂഹത്തിലെ ഭൂഭവനരഹിതരായ ബി.പി.എൽ., ദുർബല വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിതെന്നും സർവ്വീസ് ഏരിയയില്ലാതെ 280 ചതുരശ്ര അടിയാണ് ഒരു ഫ്ളാറ്റിന്റെ വിസ്തീർണ്ണമെന്നും സർവ്വീസ് ഏരിയയുൾപ്പെടെ 325 സ്ക്വയർ ഫീറ്റോളം വരുമെന്നും ചീഫ് എഞ്ചിനീയർ വിശദമാക്കി. 3.50 ലക്ഷം നിർമ്മാണച്ചെലവ് വരുന്നതും ഈ പഞ്ചായത്ത് ഏരിയയിൽ നടപ്പാക്കിവരുന്നതുമായ ഈ പദ്ധതിയിൽ സന്നദ്ധ സംഘടനകളും ഗുണഭോക്താവും 25,000 രൂപ വീതം മുടക്കണമെന്നും ഒരു ലക്ഷം രൂപ ഹഡ്കോയുടെ ലോണും രണ്ട് ലക്ഷം രൂപ ഗവൺമെന്റ് സബ്സിഡിയുമാണെന്നും ഇതിൽ ഹഡ്കോയുടെ ലോൺ ഘട്ടംഘട്ടമായി ഗുണഭോക്താവ് തിരിച്ചടയ്ക്കണമെന്നും ഈ വർഷം 294 ഫ്ളാറ്റുകൾ പണിയാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ആദ്യഘട്ടത്തിൽ ഹൗസിംഗ് ബോർഡിന്റെ കൈവശമുള്ള സ്ഥലത്താണ് പണി ചെയ്യുന്നതെന്നും മറ്റു സ്ഥലങ്ങൾ ലഭ്യമാകുന്നതനുസരിച്ചും സഹായിക്കാൻ സന്നദ്ധ സംഘടനകൾ മുന്നോട്ടുവരുന്നതനുസരിച്ചും മാത്രമേ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയുള്ളൂവെന്നും ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

പദ്ധതിയുടെ ഒന്നാം ഘട്ടമായി നിർമ്മാണ പ്രവർത്തനം ചാത്തന്നൂരിൽ ആരംഭിച്ചുവെന്നും ചേളന്നൂർ, തിരുവാലി, പുതുക്കാട്, അകലക്കുന്ന് എന്നിവിടങ്ങളിൽ ഉടൻതന്നെ പണി ആരംഭിക്കുന്നതാണെന്നും ജില്ലാതലത്തിലാണ് അപേക്ഷകരെ വിളിച്ചിരിക്കുന്നതെന്നും ഏറ്റവും കൂടുതൽ അപേക്ഷകർ ഉള്ളത് ചാത്തന്നൂരാണെന്നും അപേക്ഷകൾ നേരത്തേ സ്വീകരിച്ചതിനുശേഷം പണി തീർന്നിട്ടാണ് ഫൈനൽ അലോട്ട്മെന്റ് വരുന്നതെന്നും ഉദ്യോഗസ്ഥൻ സമിതിയിൽ ബോധിപ്പിച്ചു.

3. ഗൃഹശ്രീ ഭവന പദ്ധതി

സ്വന്തമായി രണ്ടോ മൂന്നോ സെന്റോ അതിൽ കൂടുതലോ സ്ഥലമുള്ള ബി.പി.എൽ. വിഭാഗക്കാർ, ഒരു ലക്ഷം രൂപ വരുമാനമുള്ള ബി.പി.എൽ.-ന് മുകളിലുള്ള താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർ (എൽ.ഐ.ജി.), ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപവരെ വരുമാനമുള്ള എൽ.ഐ.ജി. വിഭാഗക്കാർ എന്നിങ്ങനെ പരമാവധി രണ്ട് ലക്ഷം രൂപവരെ വരുമാനമുള്ളവർക്കായി വിഭാവനം ചെയ്തിരിക്കുന്ന ഗൃഹശ്രീ ഭവന പദ്ധതിയിൽ നാലു ലക്ഷം രൂപയ്ക്കുള്ള വീടാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും ഇതിൽ രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡിയും ഒരു ലക്ഷം രൂപ സന്നദ്ധ സംഘടനകൾ കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരിൽനിന്നുള്ള വിഹിതവും ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ആയിരിക്കുമെന്നും തുക നാല് ഗഡുക്കളായി കെട്ടിടം പണിയുടെ വിവിധ ഘട്ടങ്ങളിൽ നൽകുമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

ഗൃഹശ്രീ ഭവന പദ്ധതിക്ക് ഇപ്പോൾ സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഈ വർഷം ബഡ്ജറ്റിൽ 10.5 കോടി രൂപ പദ്ധതിക്കായി വകകൊള്ളിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ 90 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഈ വർഷം വകകൊള്ളിച്ച 10.5 കോടി രൂപ വിനിയോഗിച്ച് 525 വീടുകൾക്കേ സബ്സിഡി കൊടുക്കാൻ സാധിക്കുകയുള്ളൂവെന്നിരിക്കെ പദ്ധതി പ്രകാരം 612 സ്പോൺസർമാരാണ് മുന്നോട്ടു വന്നിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ അപേക്ഷ ക്ഷണിച്ച വേളയിൽ ഏകദേശം 8934 കാരുണ്യവാന്മാരായ വ്യക്തികളുടെ ഓഫറാണ് വന്നതെന്നും എന്നാൽ ഇതിലേക്ക് ബഡ്ജറ്റിൽ 10.5 കോടി രൂപ മാത്രം നീക്കിവച്ചിട്ടുള്ളതുകൊണ്ട് ബുദ്ധിമുട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ മറുപടി പറഞ്ഞു. കാരുണ്യവാൻമാരുടെ ഓഫറുണ്ടെങ്കിൽ അതിന് സമാനമായി സർക്കാർ വിഹിതവും കൂട്ടേണ്ടതുണ്ടെന്ന് മനസ്സിലാക്കിയ സമിതി, അപ്രകാരം ഗവൺമെന്റിന് ശുപാർശ നൽകുവാൻ തീരുമാനിച്ചു.

30 ച. മീറ്റർ മുതൽ 40 ച. മീറ്റർ വരെ, 40 ച. മീറ്റർ മുതൽ 50 ച. മീറ്റർ വരെ, 50 ച. മീറ്റർ മുതൽ 60 ച. മീറ്റർ എന്നിങ്ങനെ മൂന്ന് കാറ്റഗറിയായിട്ടാണ് വീടുകളെ തിരിച്ചിരിക്കുന്നതെന്നും നാല് ലക്ഷം രൂപയിൽ കൂടുതൽ ചെലവാകുകയാണെങ്കിൽ അത് ഗുണഭോക്താവുതന്നെ വഹിക്കണമെന്നും ഗുണഭോക്താവ് ഒരു ലക്ഷം രൂപയും സ്പോൺസർ ചെയ്യുന്ന തുക സ്പോൺസർമാരും ഹൗസിംഗ് ബോർഡിൽ അടയ്ക്കണമെന്നും ഗുണഭോക്താവിന് ഒരു ലക്ഷം രൂപ അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്പോൺസറിന് സമ്മതമാണെങ്കിൽ ആ തുകയുംകൂടി സ്പോൺസർക്ക് അടയ്ക്കാമെന്നും ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സ്പോൺസർമാർ ആണെന്നും ഇവർ നൽകുന്ന ലിസ്റ്റ് പരിശോധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളവരെ മാത്രമാണ് തെരഞ്ഞെടുക്കുന്നതെന്നും, ഗുണഭോക്താവാണ് വീട് പണിയുന്നതെന്നും അത് ഗവൺമെന്റ് കൃത്യമായി പരിശോധിക്കുമെന്നും സ്ഥലത്തിന്റെ സർവ്വേ നടത്തി സ്കെച്ച് വരച്ച് കെട്ടിടം ഡിസൈൻ ചെയ്ത്, ഗുണഭോക്താവിനെക്കൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൊടുത്ത് അംഗീകാരം വാങ്ങിക്കുന്നത് ഹൗസിംഗ് ബോർഡിന്റെ ചുമതലയാണെന്നും ശേഷം സർക്കാർ വിഹിതത്തിലെ 50,000 രൂപ ആദ്യത്തെ സ്റ്റേജിലും ബെയ്സ്മെന്റ് പൂർത്തിയാകുമ്പോൾ ഒരു ലക്ഷം രൂപയും കൂരമട്ടം എത്തികഴിയുമ്പോൾ ഒന്നരലക്ഷം രൂപയും റൂഫിട്ട് കഴിഞ്ഞാൽ ബാക്കി ഒരു ലക്ഷം രൂപയും നൽകുമെന്നും ഉദ്യോഗസ്ഥൻ തുടർന്ന് പറഞ്ഞു.

സ്പോൺസർമാരാണ് ഗുണഭോക്താക്കളെ തീരുമാനിക്കുന്നതെങ്കിൽ ക്രൈറ്റീരിയ നിലനിൽക്കില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു ചർച്ചയോ സെലക്ഷനോ ഒന്നുമില്ലാതെ നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗുണത്തേക്കാളേറെ ദോഷമാണുണ്ടാക്കുകയെന്നും ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തന്നെയായിരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ പദ്ധതി പ്രകാരം തുക സ്പോൺസർ ചെയ്യുന്നവർക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം നൽകുന്നതിനാലാണ് അവർ ഒരു ലക്ഷം രൂപ അടയ്ക്കാൻ തയ്യാറായി മുമ്പോട്ടുവരുന്നതെന്ന് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

സ്കീം അനൗൺസ് ചെയ്ത് അപ്രൂവ് ചെയ്ത സ്ഥിതിക്ക് ഇതിന്റെ അടുത്ത ഘട്ടത്തിലേക്ക് പോകുമ്പോൾ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന്റെ അവകാശം പഞ്ചായത്തിന് കൊടുക്കുന്നത് സംബന്ധിച്ച് ആലോചിക്കണമെന്നും ഇന്ദിരാ ആവാസ് യോജനയുടെ മാനദണ്ഡം ഇതിനും ബാധകമാക്കണമെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4. കോഴിക്കോട് ബംഗ്ലാദേശ് കോളനിയിലെ (ശാന്തിനഗർ) കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി

കോഴിക്കോട് ജില്ലയിൽ ബംഗ്ലാദേശ് കോളനിയിലെ കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പണികൾ പൂർത്തീകരിക്കാറായതായി ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

5. എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി

ഈ പദ്ധതിക്കായി സർക്കാർ സബ്സിഡിയായി ജനറൽ വിഭാഗത്തിന് 75,000 രൂപയും എസ്.സി. വിഭാഗത്തിന് ഒരു ലക്ഷം രൂപയും എസ്.റ്റി. വിഭാഗത്തിന് 1.25 ലക്ഷം രൂപയുമാണ് നൽകുന്നതെന്നും വീട് നിർമ്മാണത്തിന് ഈ തുക വളരെ അപര്യാപ്തമാണെന്നും 31-7-2013-ലെ കണക്കനുസരിച്ച് പദ്ധതി പ്രകാരം 12674 വീടുകൾക്ക് സബ്സിഡി നൽകിയ തുക 54.184 കോടി രൂപയാണെന്നും ഇതിൽ 7943 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 6315 വീടുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും ബാക്കി വീടുകളുടെ പണി പൂർത്തീകരിച്ചിട്ടില്ലെന്നും ലക്ഷംവീട് പദ്ധതിയിലൂടെ നിർമ്മിച്ച വീടുകളുടെ മേൽക്കൂരയുടെ അറ്റകുറ്റപ്പണികൾക്കായി വീടൊന്നിന് 10,000 രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ഇപ്പോഴത്തെ നിർമ്മാണച്ചെലവ് കണക്കിലെടുക്കുമ്പോൾ ഈ തുകയും വളരെ തുച്ഛമാണെന്നും ചീഫ് എഞ്ചിനീയർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതിപ്രകാരം അനുവദിച്ചുവരുന്ന സർക്കാർ സബ്സിഡി വർദ്ധിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത സർക്കാർ സബ്സിഡി വർദ്ധിപ്പിക്കുന്നതിനായി ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

6. സുരക്ഷാ ഭവന പദ്ധതി

സമൂഹത്തിലെ സാമ്പത്തികമായി ദുർബല വിഭാഗത്തിൽപ്പെട്ട സ്വന്തമായി വീടില്ലാത്തവർക്ക് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീടുനിർമ്മിച്ചു നൽകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിതെന്നും സമാന പദ്ധതിയായ ഗൃഹശ്രീ പദ്ധതി വന്നതോടെ ഈ പദ്ധതി നിർത്തലാക്കിയിരിക്കുകയാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

നഗരങ്ങളിൽ ജോലിക്കായി പോകുന്ന സ്ത്രീകളുടെ താമസസൗകര്യത്തിനായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ സ്ത്രീകൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഈ വർഷത്തെ

ബഡ്ജറ്റിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലിനായുള്ള പ്രൊവിഷൻ കൊടുത്തിട്ടുണ്ടെന്നും ഭരണാനുമതി കിട്ടിയാൽ ഉടൻതന്നെ അതിന്റെ പണികൾ ആരംഭിക്കുന്നതാണെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

ദുർബല വിഭാഗങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിവരുന്ന വിവിധ ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പിനെക്കുറിച്ചും സമിതി തദ്ദേശസ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്താനിരുന്നെങ്കിലും ആ സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമ്മേളനഹാളിൽ ഇല്ലാതിരുന്നതിനാൽ ചർച്ച നടത്താൻ സാധിച്ചില്ല. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനോട് വിശദീകരണം ആരായാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 3.35-ന് അവസാനിച്ചു.

## 2013 ഒക്ടോബർ 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2013 ഒക്ടോബർ മാസം 30-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.
2. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. രാജൻ ഖൊബ്രഗഡെ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
3. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, ഹൗസിംഗ് കമ്മീഷണർ & സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

4. ശ്രീ. റ്റി. ഭാസ്കരൻ, ഡയറക്ടർ, കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം.

5. ശ്രീ. റ്റി. എം. ജവഹർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

6. ശ്രീമതി റ്റി. എം. സുധ, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്.

7. ശ്രീ. എസ്. അജയകുമാർ, എസ്. റ്റി. പി., ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്.

8. ശ്രീ. കെ. ശ്രീധരൻ നമ്പൂതിരി, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ, കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്ട്.

9. ശ്രീ. എൻ. എം. രവീന്ദ്രൻ, ഫിനാൻസ് മാനേജർ, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ.

സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിക്കപ്പെട്ട രണ്ട് ചട്ടങ്ങൾ സമിതി പരിഗണിക്കുകയും, വിശദമായ ചർച്ചയ്ക്കുശേഷം അവയ്ക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് സമിതി മുൻകൂർ പരിശോധന നടത്തി അംഗീകാരം നൽകിയ കരട് ചട്ടങ്ങളിന്മേൽ പുറപ്പെടുവിച്ച എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ചും, 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. അതിനുശേഷം കേരള നിയമസഭയുടെ നടപടി ക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് "തലസ്ഥാന നഗരവികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ" എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**I. സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിച്ചിട്ടുള്ള താഴെപ്പറയുന്ന ചട്ടങ്ങൾ സമിതി പരിഗണിക്കുകയും അതത് ചട്ടങ്ങളുടെ ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു:**

1. 2013-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ—എസ്. ആർ. ഒ. നമ്പർ 80/2013

(ഫയൽ നമ്പർ 16610/സബ്.സി.ഡി1/2009/നി.സെ.)

(ഗവ. കത്ത് നമ്പർ 43340/ആർ. ഡി.2/2011/ത.സ്വ.ഭ.വ. തീയതി 19-3-2013)

പ്രസ്തുത ചട്ടം സമിതി വിശദമായി പരിശോധിച്ചു.

പ്രസ്തുത ചട്ടങ്ങളിലെ ഭേദഗതികൾക്ക് ശ്രീ. ഇ. കെ. വിജയൻ, ശ്രീ. കെ. വി. വിജയദാസ് എന്നീ അംഗങ്ങൾ താഴെപ്പറയുന്നപ്രകാരം ഭിന്നാഭിപ്രായങ്ങൾ രേഖപ്പെടുത്തി:

ചട്ടം 2 (1) (ii) പ്രകാരം വീഥിയേക്കാൾ താഴ്ന്ന നിരപ്പിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾ നിയമാനുസൃതം അനുവദിച്ചിരിക്കുന്നതിലും ഉയരത്തിൽ പണിയുവാനും ഒരു നിലകൂടി കൂട്ടിച്ചേർക്കുന്നതിനും സാധിക്കുമെന്നതുകൊണ്ട് പൊതുതാൽപ്പര്യത്തിന് വിരുദ്ധമായി കെട്ടിട നിർമ്മാതാക്കളുടെ താൽപ്പര്യം സംരക്ഷിക്കാനുദ്ദേശിച്ചുകൊണ്ടുള്ള താണ് ഈ ഭേദഗതിയെന്നും ആയതിനാൽ ഇത് അംഗീകരിക്കാനാവില്ലെന്നും ചട്ടം 2(2) അനുസരിച്ച് മൂലചട്ടത്തിൽ പുതുതായി ചേർക്കുന്ന ചട്ടം 3സി പ്രകാരം സർക്കാരിന് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകാൻ കഴിയുന്നതാണ്. എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ ഈ ഉദ്ദേശത്തോടുകൂടി വ്യവസ്ഥ ചെയ്തിരുന്ന 410-ാം വകുപ്പ് 24-3-1999 മുതൽ റദ്ദാക്കിയതിനാൽ ഈ ഭേദഗതി നിയമവിരുദ്ധ മാണെന്നും ചട്ടം 2(4) (ii)-ലെ മറ്റാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കു മ്പോൾ മാത്രം ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങിയാൽ മതിയെന്നിരിക്കെ കൂട്ടിച്ചേർക്കലുകൾക്കും പുനർനിർമ്മാണത്തിനുമൊന്നും അനുമതി വാങ്ങേണ്ടതില്ലെന്നുള്ള ഭേദഗതി നിയമത്തിന്റെ അന്തഃസത്തതന്നെ ഇല്ലാതാക്കുന്നതാണെന്നും അംഗങ്ങൾ ചൂണ്ടിക്കാട്ടി.

കെട്ടിടത്തിന്റെ മൺപണി/തറനിരപ്പ് വരെയുള്ള പണി പൂർത്തിയായശേഷം മുനിസിപ്പൽ സെക്രട്ടറിയെ അറിയിച്ച് സമ്മതം വാങ്ങിയശേഷം മാത്രമേ ബാക്കി പണികൾ ആരംഭിക്കാൻ പാടുള്ളൂവെന്ന 2010-ലെ വ്യവസ്ഥ നീക്കം ചെയ്തുകൊണ്ടുള്ള ചട്ടം 2(5)-ലെ ഭേദഗതിയും അഴിമതിക്ക് ഇടനൽകുന്ന തരത്തിലുള്ള ചട്ടം 2(7)-ലെ ഭേദഗതിയും ഫ്ളാറ്റ് നിർമ്മാണത്തിന് അനുകൂലമാംവിധമുള്ള ചട്ടം 2(9)-ലെ ഭേദഗതിയും അംഗീകരിക്കത്തക്കതല്ലെന്ന് അംഗങ്ങൾ സമിതിയെ അറിയിച്ചു. ചട്ടം 2(11) (i)-ലെ ടേബിൾ 2 അനുസരിച്ച് കവറേജ് ഏരിയയും എഫ്.എ.ആർ.-ഉം ഗണ്യമായി വർദ്ധിപ്പി ച്ചിരിക്കുന്നു എന്നും ഇത് നിർമ്മാതാക്കൾക്ക് ഗുണകരവും വാസക്കാർക്ക് ദോഷകരവു മാണെന്നും ആയതിനാൽ നിലവിലുള്ള ടേബിൾ അതേപടി നിലനിർത്തണമെന്നും ചട്ടം 2(11) (iv) പ്രകാരം ഫ്ളോർ ഏരിയാ റേഷ്യോ വർദ്ധിപ്പിച്ചിരിക്കുന്നത് പാർക്കിംഗി നെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നും ചട്ടം 2(12) പ്രകാരമുള്ള ഭേദഗതി വൻകിടക്കാരുടെ താൽപ്പര്യം മാത്രം കണക്കിലെടുത്തു കൊണ്ടുള്ളതും പൊതുതാൽപ്പര്യവിരുദ്ധവുമാണെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.

ചട്ടം 2(13)(i)-ലെ ടേബിൾ 4.1, 4.2 എന്നിവയിൽ റോഡിന്റെ വീതി കുറവു ചെയ്തുകൊണ്ടുള്ള ഭേദഗതി പൊതുതാൽപ്പര്യവിരുദ്ധവും ഫ്ളാറ്റ്-വില്ലാ നിർമ്മാതാക്കളെ സഹായിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതുമാണെന്നും ചട്ടം 2(13)(ii) പ്രകാരമുള്ള ഭേദഗതി ഫയർ സേഫ്റ്റി നിർദ്ദേശങ്ങൾക്ക് എതിരാണെന്നും കുട്ടികളുടെ ജീവൻ അപകടത്തി ലാക്കുന്നതാണെന്നും ചട്ടം 2(13)(iii)-ലെ ഭേദഗതി ഒറ്റപ്പെട്ട തുരുത്തുകളിൽ റിസോർട്ട് നിർമ്മാണം പ്രോൽസാഹിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണെന്നും എന്നാൽ വാസഗൃഹ ങ്ങൾക്കും രണ്ടു നിലയിൽ അധികം ഉയരമില്ലാത്ത കെട്ടിടങ്ങൾക്കും ഈ ഭേദഗതി

ബാധകമാക്കുന്നതിൽ എതിർപ്പില്ലെന്നും, ചട്ടം 2(18) പ്രകാരം കെട്ടിടത്തിന് പുറത്ത് വിനോദത്തിനായി നൽകേണ്ട സ്ഥലത്തിൽ കുറവ് വരുത്തിയിരിക്കുന്നത് സ്വീകാര്യ മല്ലെന്നും ചട്ടം 2(19), 2(20) (i), 2(22) എന്നിവയിലെ ഭേദഗതികൾ അപ്പാർട്ടുമെന്റുകളും ഫ്ളാറ്റുകളും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിക്കുമ്പോൾ ടൗൺ പ്ലാനറുടേയും ചീഫ് ടൗൺ പ്ലാനറുടേയും അംഗീകാരം പരിമിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഭേദഗതികളാണെന്നും ഇവ അംഗീകരിക്കാവുന്നതല്ലെന്നും അംഗങ്ങൾ അറിയിച്ചു.

ചട്ടം 2(27) പ്രകാരം മൂലനിയമത്തിൽ കൂട്ടിചേർത്ത ചട്ടം 78 E അനുസരിച്ച് ഐ. ടി. പാർക്കുകളുടെ ഫ്ളോർ ഏരിയാ റേഷ്യോ അഞ്ച്‌വരെ വർദ്ധിപ്പിക്കുന്നത് പാർക്കിംഗിനെയും മറ്റ് അടിസ്ഥാന സൗകര്യങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നും പുതിയ ചട്ടം 78 G-ലെ ഇൻഫോപാർക്ക് പോലുള്ള ഐ.ടി. സ്ഥാപനങ്ങളുടെ സ്ഥലത്തിൽ 40% വരെ വാസഗൃഹങ്ങൾക്കായും മറ്റാവശ്യങ്ങൾക്കായും നീക്കിവയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതിയും കെട്ടിടത്തിന്റെ വിസ്തൃതിക്ക് അനുസൃതമായി മഴവെള്ള സംഭരണത്തിനുവേണ്ട സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന നിലവിലെ വ്യവസ്ഥയ്ക്ക് പകരമായി സൗകര്യങ്ങൾ നാമമാത്രമായി പരിമിതപ്പെടുത്തികൊണ്ടുള്ള 2(31)-ലെ ഭേദഗതി നിർദ്ദേശവും 400 ച. മീ.-ൽ അധികംവരുന്ന കെട്ടിടങ്ങൾക്ക് സോളാർ വാട്ടർ ഹീറ്റർ സംവിധാനം നിർബന്ധമാക്കിക്കൊണ്ടുള്ള ചട്ടം 2(32)-ലെ ഭേദഗതി നിർദ്ദേശവും അംഗീകരിക്കാനാവില്ലെന്നും അംഗങ്ങൾ ചൂണ്ടികാട്ടി. ചട്ടം 2(33)-ലെ ഭേദഗതി ഫ്ളാറ്റ് നിർമ്മാതാക്കൾക്ക് ലാഭമുണ്ടാക്കാൻ സഹായിക്കുന്നതാണെന്നും ചട്ടം 2(34)-ലെ ഹൈറൈസ് കെട്ടിടങ്ങളിലേക്കുള്ള പാതയുടെ വീതി കുറഞ്ഞത് 7 മീറ്റർ ആയിരിക്കണമെന്നത് 5 മീറ്ററായി കുറച്ചുകൊണ്ടുള്ള ഭേദഗതി അംഗീകരി ക്കാനാവുന്നതല്ലെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. ചട്ടം 2(35) (i)-ലെ ഭേദഗതി ദേശീയതല ത്തിൽ അംഗീകരിച്ചിട്ടുള്ള ശാസ്ത്രീയ നിലപാടിന് വിരുദ്ധമായി നിർമ്മാതാക്കളെ സഹായിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്നും ചട്ടം 2(35) (ii)-ലെ തീ അണയ്ക്കാ നുള്ള വാഹനങ്ങൾക്കായി 7 മീറ്റർ വീതിയിൽ പാതയുണ്ടായിരിക്കണമെന്നത് 5 മീറ്ററായി ചുരുക്കിയിരിക്കുന്നത് 7 മീറ്ററായി നിലനിർത്തുകയോ അല്ലെങ്കിൽ 12 മീറ്ററായി വർദ്ധിപ്പിക്കുകയോ വേണമെന്നും അംഗങ്ങൾ സമിതിയിൽ അറിയിച്ചു.

വിശദമായ ചർച്ചയ്ക്കുശേഷം പ്രസ്തുത ചട്ടം ഭേദഗതി കൂടാതെ സാധൂകരിക്കാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2. 2013-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ- എസ്. ആർ. ഒ. നമ്പർ 542/2013

(ഫയൽ നമ്പർ 4113/സബ്.സി.ഡി.1/2013/നി.സെ.)

(ഗവ. കത്ത് നമ്പർ 24607/ആർ. ഡി.2/13/ത.സ്വ.ഭ.വ. തീയതി 21-8-2013)

പ്രസ്തുത ചട്ടത്തിന്റെ Rule 1 (1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യണമെന്ന നിർദ്ദേശത്തോടെ ചട്ടത്തിന് സാധൂകരണം നൽകാൻ സമിതി തീരുമാനിച്ചു.

"These rules may be called the Kerala Municipality Building (Second Amendment) Rules, 2013."

**II. സമിതി അംഗീകാരം നൽകിയ താഴെപ്പറയുന്ന കരട് ചട്ടം/തിരുത്തൽ വിജ്ഞാപനങ്ങളിൽ പുറപ്പെടുവിച്ച എസ്. ആർ. ഒ. വിജ്ഞാപനങ്ങൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിയിൽനിന്നും സമിതി തെളിവെടുപ്പു നടത്തി:**

1. 2001-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (എഞ്ചിനീയറിംഗ് ആന്റ് ടൗൺ പ്ലാനിംഗ് സർവ്വീസ്) സ്പെഷ്യൽ റൂൾസിന്മേലുള്ള കരട് തിരുത്തൽ വിജ്ഞാപനം.

(ഫയൽ നമ്പർ 8435/സബ്.സി.ഡി.1/2007/നി.സെ.)

(ഗവ. കത്ത് നമ്പർ 41225/ഡി.2/06/ത.സ്വ.ഭ.വ.തീയതി 5-1-2007)

പ്രസ്തുത കരട് ചട്ടത്തിന്മേൽ എസ്. ആർ. ഒ. വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും സമിതിക്ക് ആയതിന്റെ പകർപ്പ് ലഭ്യമാക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ചയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസ് ചട്ടങ്ങളിലുണ്ടായിരുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇപ്പോൾ പ്രത്യേക ചട്ടങ്ങളാണ് നിലവിലുള്ളതെന്നും അദ്ദേഹം സമിതിയിൽ ബോധിപ്പിച്ചു.

ഈ വിഷയത്തിൽ ഒരു അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുന്നതിന് വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ സമിതി തീരുമാനിച്ചു.

2. 2009-ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ഭേദഗതി കരട് ചട്ടങ്ങൾ.

(ഫയൽ നമ്പർ 14827/സബ്.സി.ഡി1/2009/നി.സെ.)

(ഗവ. കത്ത് നമ്പർ 16277/ആർ. ഡി.1/08/ത.സ്വ.ഭ.വ. തീയതി 16-5-2009)

കരട് ചട്ടത്തിന്മേൽ വിജ്ഞാപനം ചെയ്ത എസ്. ആർ. ഒ. യുടെ പകർപ്പുകൾ പ്രസ്സിൽനിന്നും ലഭ്യമാക്കാൻ കാലതാമസമുണ്ടായെന്നും എസ്. ആർ. ഒ. യുടെ പകർപ്പുകൾ ഉടനെ സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്. ആർ. ഒ. വിജ്ഞാപനത്തിന്റെ പകർപ്പുകൾ എത്രയും പെട്ടെന്ന് സമിതിയുടെ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് വകുപ്പ് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

**III. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ ഗവൺമെന്റിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുപ്പു നടത്തി:**

(ഫയൽ നമ്പർ 3075/സബ്.സി.ഡി1/2012/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1, 2, 7, 12, 13, 15 എന്നിവയിന്മേൽ ഭവനനിർമ്മാണ ബോർഡിൽനിന്നും നിർമ്മിതി കേന്ദ്രത്തിൽനിന്നും മറുപടി ലഭിക്കുന്നതിന് കാലതാമസമുണ്ടായെന്നും അന്തിമ റിപ്പോർട്ട് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്കുശേഷം ഇപ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണെന്നും പ്രസ്തുത റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ഒരാഴ്ചയ്ക്കകം ലഭ്യമാക്കുന്നതാണെന്നും ഭവനനിർമ്മാണവകുപ്പ് സെക്രട്ടറിയും ഖണ്ഡിക 25, 26, 27, 30, 31, 34, 40, 41, 51, 52 എന്നിവയിലെ ശുപാർശകളിൽ ധനകാര്യവകുപ്പിൽ നിന്നുള്ള മറുപടി ലഭിച്ചാലുടൻ ഇതു സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്ന താണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും സമിതിയിൽ അറിയിച്ചു.

അടുത്ത നിയമസഭാ സമ്മേളനകാലത്ത് പ്രസ്തുത ഖണ്ഡികകളിലെ ശുപാർശ കളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റുകൾ സഭയിൽ സമർപ്പിക്കേണ്ടതായിട്ടുള്ളതിനാൽ നടപടി സ്റ്റേറ്റ്മെന്റുകളും ഡിലേ സ്റ്റേറ്റ്മെന്റുകളും അടിയന്തരമായി നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമാക്കണമെന്ന് വകുപ്പ് സെക്രട്ടറിമാർക്ക് സമിതി നിർദ്ദേശം നൽകുകയുണ്ടായി.

**IV. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം 'തലസ്ഥാന നഗരവികസനത്തിനായുള്ള പ്രത്യേക പദ്ധതികൾ' എന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തി.**

കെ. എസ്. യു. ഡി. പി. വഴി നടപ്പിലാക്കിവരുന്ന തലസ്ഥാന നഗരവികസന പദ്ധതി (സി. ആർ. ഡി. പി.) 2002-03-ലാണ് ആരംഭിച്ചതെന്നും പദ്ധതിയുടെ കീഴിലുള്ള 16 പ്രോജക്ടുകളിൽ 14 എണ്ണം സ്റ്റേറ്റ് സ്പോൺസേർഡും 2 എണ്ണം സെൻട്രലി സ്പോൺസേർഡുമാണെന്നും അതിൽ 10 എണ്ണം പൂർത്തിയായെന്നും 3 എണ്ണം ട്രാൻസ്ഫർ ചെയ്തെന്നും ബാക്കി 3 എണ്ണം നടപ്പിലാക്കി വരികയാണെന്നും ഇതിൽ ഒരു പ്രോജക്ട് സംബന്ധിച്ച് കോടതിയിൽ ആർബിട്രേഷൻ കേസ് നിലനിൽക്കുന്നതി നാൽ അത് ക്ലോസ് ചെയ്തിട്ടില്ലെന്നും രണ്ടാമത്തേത് ബസ് ടെർമിനൽ നിർമ്മിക്കുന്ന തിനുള്ള പ്രോജക്ടും മൂന്നാമത്തേത് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടുമാണെന്നും ഇവ രണ്ടിലും എൽ. എ. ആർ. കേസുകൾ ഉള്ളതുകൊണ്ട് പെന്റിംഗിലാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

ട്രിഡ, ഇൻകെൽ എന്നിവവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കാൻ ഏകദേശം ആയിരം കോടി രൂപ വേണ്ടി വരുമെന്നും നിലവിലുള്ള റോഡുകളുടെ വികസനവും ലിങ്ക് റോഡുകളുടേയും റിംഗ് റോഡുകളുടേയും നിർമ്മാണവും പാർക്കിംഗ് പോളിസിയുടെ രൂപീകരണവും പാർക്കിംഗ് സ്ഥലങ്ങളുടെ നിർമ്മാണവും ചന്തകളുടേയും കച്ചവട നിരത്തുകളുടേയും പാർക്കുകളുടേയും പരിസ്ഥിതി മെച്ചപ്പെടുത്തലും ഒരു ലക്ഷം വൃക്ഷത്തൈകൾ 5 വർഷത്തിനകം വച്ചുപിടിപ്പിച്ചു നഗരത്തെ പച്ചപിടിപ്പിക്കലും എന്നിങ്ങനെ 5 പ്രോജക്ടുകൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും പക്ഷേ അതിനുള്ള ബഡ്ജറ്റ് വിഹിതമില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി 65 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും സെക്രട്ടറി വ്യക്തമാക്കി. തിരുവനന്തപുരം ഒരു ടൂറിസ്റ്റ് കേന്ദ്രമായതിനാൽ ബൈസൈക്കിൾ ട്രാക്ക് ഉണ്ടാക്കുന്നത് നല്ലതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

റോഡുകളുടെയും ലിങ്ക് റോഡുകളുടെയും വികസനം, മെക്കനൈസ്ഡ് പാർക്കിംഗ്, സ്കൂളിന് മുമ്പിൽ ക്രോസിംഗ് ഇല്ലാത്ത സ്ഥലത്ത് ഫുട്ട് ഓവർബ്രിഡ്ജ് നിർമ്മാണം, ആവശ്യമായ സ്ഥലത്തെല്ലാം ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, പാളയം മാർക്കറ്റിനെ (കണ്ണിമാറ മാർക്കറ്റ്) മോഡേൺ മാർക്കറ്റാക്കൽ തുടങ്ങിയവയെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും നഗരകാര്യവകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു. ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കാനായുണ്ടെങ്കിൽ ആയത് ഒരാഴ്ചയ്ക്കുള്ളിൽ നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമാക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സന്ദർശിക്കുന്നതിലേക്കായി ഒരു പഠന യാത്ര സംഘടിപ്പിക്കുവാൻ സമിതി തീരുമാനിച്ചു. അതിന്റെ ഭാഗമായി 2013 ഡിസംബർ മാസം ചെന്നൈ, പൂനെ, മുംബൈ, സൂറത്ത്, ചണ്ഡീഗഡ്, ഡൽഹി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു ടൂർ പ്രോഗ്രാം തയ്യാറാക്കുവാൻ സമിതി നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

യോഗം വൈകുന്നേരം 4.10-ന് പിരിഞ്ഞു.

## 2013 നവംബർ 27-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2013 നവംബർ മാസം 27-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5-ഡി സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗവും ഹാജരായിരുന്നു:

ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ. മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി അനിത ദാമോദരൻ, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. എം. ദിലീപ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകളുടെ പഠനാർത്ഥമുള്ള സമിതിയുടെ 2013 ഡിസംബർ മാസത്തെ അന്യസംസ്ഥാന സന്ദർശനത്തിനു മുന്നോടിയായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ച് "ആധുനിക മാലിന്യസംസ്കരണ പ്ലാന്റുകളും അവയുടെ സാധ്യതകളും" എന്ന വിഷയത്തിന്മേൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. കൂടാതെ സമിതി നടത്തുവാൻ ഉദ്ദേശിക്കുന്ന അന്യസംസ്ഥാന പഠനയാത്രയെക്കുറിച്ചും പ്രസ്തുത യാത്രയിൽ സമിതി സന്ദർശിക്കാനിരിക്കുന്ന തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മാലിന്യ സംസ്കരണ പ്ലാന്റുകളെ കുറിച്ചും പ്രസ്തുത യോഗത്തിൽ സമിതി ചർച്ച ചെയ്തു.

പ്രസ്തുത പഠനയാത്രയിൽ സമിതിക്ക് സാങ്കേതിക വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ നിയോഗിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിക്കുകയും ആയതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

യോഗം വൈകുന്നേരം 3.30ന് പിരിഞ്ഞു.

## 2014 ജനുവരി 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ജനുവരി മാസം 3-ാം തീയതി, വെള്ളിയാഴ്ച, ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 5-എ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. പി. റ്റി. എ. റഹീം, എം.എൽ .എ.
2. ശ്രീ. വി. ശിവൻകുട്ടി, എം.എൽ .എ.
3. ശ്രീ. ഇ. കെ. വിജയൻ , എം.എൽ . എ.
4. ശ്രീ. കെ. വി. വിജയദാസ്, എം.എൽ .എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. റ്റി. മനോഹരൻ നായർ , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ . മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജൻ ഖൊബ്രാഗഡെ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. പോൾ സി. മാത്യു, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്
4. ശ്രീ. റ്റി. ഭാസ്കരൻ , സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
5. ശ്രീ. ജെയിംസ് ജേക്കബ്, ചീഫ് എഞ്ചിനീയർ , കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്
6. ശ്രീ. ആർ . ജയൻ , ചീഫ് ടെക്നിക്കൽ ഓഫീസർ , കെസ്നിക്ക്.

**I. താഴെപ്പറയുന്ന കരട് ചട്ടം സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:**

കേരള സ്റ്റേറ്റ് അർബൻ അഫയേഴ്സ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2013

(ഫയൽ നമ്പർ 5508/സബ്.സി.ഡി.1/13/നി.സെ.)

(ഗവ. കത്ത് നമ്പർ 24607/ആർ.ഡി.2/13/തസ്വഭവ. തീയതി 21-8-2013)

പ്രസ്തുത കരട് ചട്ടത്തിന്റെ പീഠികയിലും ശീർഷകത്തിലും പരാമർശിച്ചിട്ടുള്ള വർഷം '2013' എന്നത് '2014' എന്ന് മാറ്റം വരുത്തുവാൻ സമിതി നിർദ്ദേശിച്ചു.

**II. 2012-13 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശ കളിന്മേൽ സർക്കാരിൽനിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:**

(ഫയൽ നമ്പർ 3075/സബ്.സി.ഡി.1/2012/നി.സെ.)

ഖണ്ഡിക നമ്പർ 1, 2, 7, 12, 13, 15.

(ഗവ. കത്ത് നമ്പർ 4097/എ 3/2012/ഭവനം തീയതി 3-12-2013)

ഖണ്ഡിക നമ്പർ 32, 33, 53

(ഗവ. കത്ത് നമ്പർ 37617/എഫ് എം2/2012/തസ്വഭവ. തീയതി 29-10-2013)

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 2014 ജനുവരി 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ജനുവരി മാസം 28-ാം തീയതി ചൊവ്വാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 5.40-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. സി. മമ്മൂട്ടി, എം.എൽ .എ.
2. ശ്രീ. പി. റ്റി. എ. റഹീം, എം.എൽ .എ.
3. ശ്രീ. വി. ശിവൻകുട്ടി, എം.എൽ .എ.
4. ശ്രീ. പി. ശ്രീരാമകൃഷ്ണൻ , എം.എൽ .എ.
5. ശ്രീ. ഇ. കെ. വിജയൻ , എം.എൽ .എ.
6. ശ്രീ. കെ. വി. വിജയദാസ്, എം.എൽ .എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. റ്റി. മനോഹരൻ നായർ , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ . മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി എസ്. ഗിരിജാ ദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി കെ. എ. ശ്രീലേഖ, ഡെപ്യൂട്ടി സെക്രട്ടറി, നിയമവകുപ്പ്.

സമിതി, 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബില്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം സമിതി യോഗം ചേർന്ന് ചർച്ച ചെയ്ത 'ദുർബല വിഭാഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും ഓരോന്നിന്റെയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങളോടെ അംഗീകരിക്കുകയും ചെയ്തു.

1. 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബിൽ

പ്രസ്തുത ബില്ലിൽ

(i) നിയമ പ്രഖ്യാപന വാക്യത്തിലെ "അറുപത്തിനാലാം സംവത്സരത്തില്" എന്നത് "അറുപത്തിഅഞ്ചാം സംവത്സരത്തില്" എന്ന് ഭേദഗതി ചെയ്യാൻ സമിതി നിർദ്ദേശിച്ചു.

(ii) ഖണ്ഡം 1 (1) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യാൻ സമിതി നിർദ്ദേശിച്ചു:

"(1) ഈ ആക്റ്റിന് 2014 -ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന പേർ പറയാവുന്നതാണ്"

സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ , വി. ശിവൻകുട്ടി, പി. റ്റി. എ. റഹീം, കെ. വി. വിജയദാസ്, ഇ. കെ. വിജയൻ എന്നീ അംഗങ്ങൾ പ്രസ്തുത ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

2. 'ദുർബല വിഭാഗങ്ങൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളും അവയുടെ നടത്തിപ്പും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട്.

പ്രസ്തുത റിപ്പോർട്ടിലെ ഗൃഹശ്രീ ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഖണ്ഡിക 12-ലെ അവസാനം കൊടുത്തിട്ടുള്ള ശിപാർശ "പദ്ധതിക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുന്നതോടൊപ്പംതന്നെ ഇന്ദിരാ ആവാസ് യോജനയുടെ മാനദണ്ഡങ്ങൾ ഈ പദ്ധതിക്കും ബാധകമാക്കണമെന്നും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് രീതിയിൽ കൂടുതൽ പ്രായോഗികമായൊരു സമീപനം സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു" എന്ന് മാറ്റം വരുത്തുന്നതിന് സമിതി നിർദ്ദേശിച്ചു.

കൂടാതെ എം.എന്. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട ഖണ്ഡിക 17-ലെ ശുപാർശയ്ക്കുശേഷം "അതോടൊപ്പം എം.എന്. ലക്ഷംവീട് പദ്ധതിപ്രകാരമുള്ള ഇരട്ട വീട് എന്ന തത്വം ഗുണഭോക്താക്കളുടെ ഇടയിൽ തീർത്തും അസ്വീകാര്യമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് പുനരാവിഷ്ക്കരിക്കണമെന്നും ഓരോ കുടുംബത്തിനും ഓരോ സ്വതന്ത്ര വീട് എന്നതരത്തിൽ ആവശ്യമായ മാറ്റങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു" എന്ന ശുപാർശകൂടി ഉൾപ്പെടുത്തുന്നതിനും സമിതി തീരുമാനിച്ചു.

സമിതിയോഗം വൈകുന്നേരം 6.00 മണിക്ക് പിരിഞ്ഞു.

## 2014 ഫെബ്രുവരി 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ഫെബ്രുവരി മാസം 19-ാം തീയതി, ബുധനാഴ്ച, ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെന്റ അഭാവത്തിൽ സമിതിയുയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രിയുമായ ശ്രീ. മഞ്ഞളാംകുഴി അലിയുടെ ആദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. ശിവൻകുട്ടി, എം.എൽ .എ.
2. ശ്രീ. ഇ. കെ. വിജയൻ , എം.എൽ .എ.
3. ശ്രീ. കെ. വി. വിജയദാസ്, എം.എൽ . എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. റ്റി. മനോഹരൻ നായർ , ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എം. ആർ . മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. രാജൻ ഖൊബ്രാഗഡെ, സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. ഇ. ദേവദാസൻ , ഡയറക്ടർ , നഗരവികസന വകുപ്പ്.
5. ശ്രീ. കെ. വി. മോഹൻകുമാർ , കമ്മീഷണർ , ഗ്രാമവികസന വകുപ്പ്.
6. ശ്രീമതി ടി. എം. സുധ, ചീഫ് ടൗൺ പ്ലാനർ .

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXII (നഗരവികസനം) പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകള്/നിർദ്ദേശങ്ങൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2217-80-001-98—<u>റീജിയണൽ ആഫീസുകൾ</u>

05-3—<u>ടെലഫോൺ ചെലവ്</u>.

റീജിയണൽ ഓഫീസുകളുടെ ടെലഫോൺ ചാർജ്ജ് ഇനത്തിൽ 2013-14 വർഷത്തിൽ ബജറ്റ് വിഹിതമായി അനുവദിച്ച 70,000 രൂപയ്ക്ക് പുറമെ 45,000 രൂപയുടെ ചെലവ് കൂടി വന്നിട്ടുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും 41,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2217-80-001-99—<u>നഗരകാര്യ ഡയറക്ടറാഫീസ്</u>

04-1—<u>യാത്രാബത്ത</u>

യാത്രാബത്തയിനത്തിൽ 2013-14 സാമ്പത്തിക വർഷം അനുവദിച്ച 2.75 ലക്ഷം രൂപയുടെ ചെലവ് 2014-15 സാമ്പത്തിക വർഷവും പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—<u>മോട്ടോർ വാഹനങ്ങൾ —വാഹനം വാങ്ങൽ</u>

നഗരകാര്യ ഡയറക്ടർ ഉപയോഗിച്ചു വന്നിരുന്ന വാഹനം കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാതായതിനെത്തുടർന്ന് വാടകയ്ക്കെടുത്ത വാഹനമാണ് ഉപയോഗിച്ചു വരുന്നത് എന്നും ആയതിനാൽ വാഹനം വാങ്ങുന്നതിലേക്ക് 10 ലക്ഷം രൂപ ആവശ്യമുണ്ടെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിയെ അറിയിച്ചു. ഡയറക്ടർക്ക് പുതിയ വാഹനം വാങ്ങുന്നതിലേക്ക് 12 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതിയുടെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയുടെ പരിശോധനാ റിപ്പോർട്ടിൽ സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിലും ഇതിനായി തുക വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി, നഗരകാര്യ ഡയറക്ടർക്ക് പുതിയ വാഹനം വാങ്ങുന്നതിനായി നടപ്പു വർഷം തന്നെ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

99—<u>വിവരസാങ്കേതികവിദ്യ</u>

വിവരസാങ്കേതികവിദ്യയ്ക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 20 ലക്ഷം രൂപ കൊണ്ട് കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി, കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിക്കഴിഞ്ഞുവെന്നും അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2217-80-192-91—<u>അറവുശാലകളുടെ പരിഷ്കരണം</u>

അറവുശാലകളുടെ പരിഷ്കരണത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് 10 കോടി രൂപ ഇതിന് വകയിരുത്തിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. അറവുശാലകളുടെ പരിഷ്കരണത്തിനുവേണ്ടി കോർപ്പറേഷനും മുനിസിപ്പാലിറ്റിയും യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നുള്ള പരാതികൾ ധാരാളം വരുന്നുണ്ടെന്നും 20 മുനിസിപ്പാലിറ്റികളിലെ അറവുശാലകളുടെ നവീകരണത്തിനുള്ള ഭരണാനുമതി ലഭിച്ചെങ്കിലും 15 മുനിസിപ്പാലിറ്റികളിൽ നിന്നുള്ള പ്രൊപ്പോസൽ മാത്രമേ ലഭിച്ചിട്ടുള്ളൂവെന്നും അതിനാൽ 10 കോടി രൂപ മാത്രമേ ഒരു വർഷം ചെലവഴിക്കാൻ കഴിയുകയുള്ളൂ എന്നതാണ് വകുപ്പിന്റെ വിലയിരുത്തലെന്നും ബന്ധപ്പെട്ട വകുപ്പുമന്ത്രി വെളിപ്പെടുത്തി. ഇതു സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ടെന്നും അറവുശാലകൾ പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി.

4217-60-052-99—<u>നഗര പ്രദേശങ്ങളിൽ വാതക ശ്മശാനങ്ങളുടെ സ്ഥാപനം</u>

നഗര പ്രദേശങ്ങളിൽ വാതക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് വകയിരുത്തിയിരിക്കുന്ന 50 ലക്ഷം രൂപ മതിയാകില്ലെന്നും ഒരു ശ്മശാനം നിർമ്മിക്കുന്നതിന് കുറഞ്ഞത് 25 ലക്ഷം രൂപയെങ്കിലും ചെലവ് വരുമെന്നും എല്ലാ മുനിസിപ്പാലിറ്റികളിലും ഇത് ആവശ്യമാണെന്നും അവർ ആവശ്യപ്പെട്ടാൽ കൊടുക്കാൻ ഫണ്ട് തികയുകയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

ഈ വർഷം  ഇതുവരെ 40 ലക്ഷം രൂപയാണ് ചെലവായതെന്നും 10 ലക്ഷം രൂപ ഇനിയും ബാക്കിയുണ്ടെന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആകെ രണ്ട്  ശ്മശാനങ്ങൾ മാത്രമാണ് നിർമ്മിച്ചതെന്നും  അടുത്ത സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 50 ലക്ഷം രൂപ മതിയാകുന്നതാണെന്നും പ്രൊപ്പോസൽ ഇല്ലാതെ ഫണ്ട് ആവശ്യപ്പെടാൻ പാടില്ലെന്നും ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

4217-03-051-99—<u>പാലാ മുനിസിപ്പൽ ടൗൺഹാളിന്റെ നവീകരണം</u>

പാല മുനിസിപ്പൽ ടൗൺഹാളിന്റെ നവീകരണത്തിന് 1000 രൂപ മാത്രമാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ളതെന്നും നവീകരണത്തിനായി 2 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ആയതിനാൽ ഇതിലേക്കായി 200 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-03-051-98—<u>കോടിമത മൊബിലിറ്റി ഹബ്ബ് പ്രോജക്ട്, കോട്ടയം</u>

കോട്ടയത്തെ പൊതു ഗതാഗത സംവിധാന നിലവാരം ഉയർത്തുന്നതിനായി റെയില്-റോഡ്-ജലം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് കോടിമതയിൽ ആരംഭിക്കാനിരിക്കുന്ന വൻപദ്ധതിയായ കോടിമത മൊബിലിറ്റി ഹബ്ബ് പ്രോജക്ടിന്റെ പ്രായോഗിക പഠനം, സർവ്വേ, എന്നിവയ്ക്കും മറ്റു കാര്യങ്ങൾക്കുമായി 500 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2217-05-001-99—<u>മുഖ്യനഗരാസൂത്രകന്റെ ഓഫീസ്</u>

ഈ ശീർഷകത്തിൻ കീഴിൽ ഉള്ള 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്, 04-4—അവധി യാത്രാനുകൂല്യം, 21-2—മോട്ടോർ വാഹനങ്ങള്—സംരക്ഷണവും അറ്റകുറ്റ പണികളും, 45—പി.ഒ.എൽ . എന്നിവയിൽ അനുവദിച്ച ബജറ്റ് വിഹിതവും, കൂടാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസ് സർക്കാർ അനുവദിച്ച സ്വരാജ് ഭവൻ കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പാർട്ടീഷൻ വർക്കുകള്, കേബ്ലിംഗ് മുതലായ ചെലവുകൾക്കുമായി 05-4—ഓഫീസ് ചെലവുകൾ —മറ്റിനങ്ങൾ എന്നതിൽ അനുവദിച്ച ബജറ്റ് വിഹിതവും പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത കണക്കിനങ്ങളിലായി യഥാക്രമം 1 ലക്ഷം രൂപ, 2 ലക്ഷം രൂപ, 75,000 രൂപ, 50,000 രൂപ, 47.25  ലക്ഷം രൂപ എന്നിങ്ങനെ ആകെ 51.50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2217-05-001-65—<u>ജില്ലാ പ്ലാനിംഗ് യൂണിറ്റുകൾ</u>

ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ വിവിധ ആവശ്യങ്ങൾക്കായി  നോൺ പ്ലാനിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി

04-4—അവധി യാത്രാനുകൂല്യം 2 ലക്ഷം രൂപ, 06—വാടക, കരം, നികുതി— 15 ലക്ഷം രൂപ, 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്— 3.50 ലക്ഷം രൂപ, 21-2—മോട്ടോർ വാഹനങ്ങള്—സംരക്ഷണവും അറ്റകുറ്റപ്പണികളും— 2 ലക്ഷം രൂപ, 45—പി.ഒ.എല്.—2 ലക്ഷം രൂപ എന്ന ക്രമത്തിൽ ഓരോ ശീർഷകത്തിലുമായി ആകെ 24.50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

05-4—<u>ഓഫീസ് ചെലവുകള്—മറ്റിനങ്ങള്:</u>

കാസർഗോഡ്, ആലപ്പുഴ, തൃശ്ശൂർ എന്നീ ഓഫീസുകൾ പുതിയ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ഈ ശീർഷകത്തിൽ നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 15 ലക്ഷം രൂപയും കാസർഗോഡ്, കണ്ണൂര്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, കോട്ടയം, ആലപ്പുഴ, കൊല്ലം എന്നീ ജില്ലാ ആഫീസുകളിലെ വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗയോഗ്യമല്ലാത്തതിനാലും 11-10-2013-ലെ G.O. (P) No. 515/2013/Fin. ഉത്തരവ് പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഉള്ളതിനാലും പ്രസ്തുത ഓഫീസുകൾക്ക് വാടകയ്ക്ക് കാർ ഉപയോഗിക്കേണ്ടി വരുന്നതനുസരിച്ച് ആയതിലേക്ക് 21.60 ലക്ഷം രൂപയും അധികമായി ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ആവശ്യങ്ങൾക്കായി ആകെ 36.60 ലക്ഷം രൂപ (15 ലക്ഷം + 21.60 ലക്ഷം രൂപ) ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

## 2014 ഫെബ്രുവരി 26-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച ഒൻപതാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 ഫെബ്രുവരി മാസം 26-ാം തീയതി, ബുധനാഴ്ച, ഉച്ചയ്ക്കുശേഷം 2.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. സി. മമ്മൂട്ടി, എം. എൽ . എ.
2. ശ്രീ. വി. ശിവൻകുട്ടി, എം. എൽ . എ.
3. ശ്രീ. പി. ശ്രീരാമകൃഷ്ണന്, എം. എൽ . എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ടി. മനോഹരൻ നായർ , ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ . മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. രാജൻ ഖൊബ്രൊഗഡെ, സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്.
2. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീമതി എസ്. വി. കല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീ. പോൾ സി. മാത്യു, ജോയിന്റ് സെക്രട്ടറി, ഭവനനിർമ്മാണ വകുപ്പ്.
5. ഡോ. അലക്സാണ്ടർ ജേക്കബ്, ഡി. ജി. പി., എം. ഡി., കെ.പി.എച്ച്.സി.സി.
6. ശ്രീ. കെ. വി. മോഹൻകുമാർ , കമ്മീഷണർ , ഗ്രാമവികസന വകുപ്പ്.
7. ശ്രീ. എസ്. ഗോപാലകൃഷ്ണൻ , ഹൗസിംഗ് കമ്മീഷണർ .
8. ശ്രീമതി ടി. മിത്ര, ഡയറക്ടർ , പഞ്ചായത്ത് വകുപ്പ്.
9. ശ്രീ. കെ. കെ. ഗോവിന്ദൻ നായർ , ഡയറക്ടർ , സൈനിക ക്ഷേമ ബോർഡ്.
10. ഡോ. സി. സുരേഷ് കുമാർ , ഡയറക്ടർ (എസ്.ഡി.ആർ .ടി.), ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
11. ശ്രീ. എസ്. രാധാകൃഷ്ണൻ , അഡ്മിനിസ്ട്രേറ്റീവ് മാനേജർ , കേരള സംസ്ഥാന നിർമ്മിതികേന്ദ്രം.
12. ശ്രീമതി എം. വത്സമ്മ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്.
13. അഡ്വ. എം. ഇ. ഇബ്രാഹീംകുട്ടി, ചെയർമാൻ , ഹൗസിംഗ് ഫെഡറേഷന്.
14. ശ്രീ. ആർ . ജയൻ , ചീഫ് ടെക്നിക്കൽ ഓഫീസർ , കെസ്നിക്.

2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ XXI (ഭവനനിർമ്മാണം) XXVIII (പലവക സാമ്പത്തിക സർവ്വീസുകള്), XXXVI (ഗ്രാമ വികസനം), XXXV (പഞ്ചായത്ത്) എന്നിവ സമിതി പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ശുപാർശകൾ /നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXI—ഭവനനിർമ്മാണം

2216-80-103-99—സംസ്ഥാന ഭവനനിർമ്മാണ ബോർഡ്

(01)—സഹായധനം

ദുർബ്ബല വിഭാഗ പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലൂടെ ഉണ്ടായിട്ടുള്ള കമ്മി നികത്തുന്നതിന് നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 131.90 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയത് വഴിയുള്ള കമ്മി നികത്തുന്നതിനായി ഈ കണക്കിനത്തിൽ 131.90 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്ന് സമിതിക്ക് ബോധ്യപ്പെടുകയും പ്രസ്തുത തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(02)— വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

സർക്കാർ സബ്സിഡി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതുമൂലവും ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കുമായി നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും ഈ ഇനത്തിൽ 7 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(06)—പാർലമെന്റ് അംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കുമുള്ള ഭവനപദ്ധതി

ബജറ്റിൽ 10 കോടി രൂപയാണ് ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്നും 215 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്നും ഹൗസിംഗ് കമ്മീഷണർ സമിതിയെ അറിയിച്ചു. അനുവദിക്കുന്ന തുകമുഴുവനും ചെലവഴിക്കാൻ സാധിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, അപേക്ഷകരില്ലാത്തതിനാൽ അടുത്ത കാലത്തൊന്നും ആർക്കും കൊടുത്തിട്ടില്ലെന്നും പദ്ധതിപ്രകാരം അനുവദിച്ചിരുന്ന 3 ലക്ഷം രൂപ 5 ലക്ഷമായി ഉയർത്തിയെങ്കിലും ആരുംതന്നെ അപേക്ഷിക്കുന്നില്ലെന്നും കമ്മീഷണർ മറുപടി നൽകി. പദ്ധതി ആകർഷകമല്ലെന്ന് അഭിപ്രായപ്പെട്ട സമിതി അപേക്ഷകരില്ലാത്തതിനാൽ ഇതിൽ അധിക തുക അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(07)—മൈത്രി പലിശ സബ്സിഡി

മൈത്രി പലിശ സബ്സിഡി ഇനത്തിൽ തുക സർക്കാരിൽ നിന്നും ലഭിക്കേണ്ടതുള്ള തിനാൽ 2216-80-103-99 (07) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 16485 ലക്ഷം രൂപ അതിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

(37)—<u>ഗൃഹശ്രീ സബ്സിഡി</u>

ഗൃഹശ്രീ ഭവനപദ്ധതി കൂടുതൽ സ്ഥലങ്ങളിൽ വ്യാപിക്കുന്നതിലേക്കായി 18581 ലക്ഷം രൂപ കൂടി ആവശ്യമുണ്ടെന്നും രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളെന്നും ഒരു വീടിന് രണ്ടു ലക്ഷം രൂപ എന്ന നിരക്കിലാണ് സബ്സിഡി നൽകുന്നതെന്നും എൻ .ജി.ഒ. സ്പോൺസർ ചെയ്യുന്നവരാണ് ഗുണഭോക്താക്കളെന്നും ഇത് സംബന്ധിച്ച് സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ സമിതിയെ അറിയിച്ചു.

ഗൃഹശ്രീ പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 18581 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

(38)— <u>ട്രെയിനിംഗ് പദ്ധതി</u>

കൂടുതൽപേർക്ക് ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 10 ലക്ഷം രൂപ അധികമായി ഇതിലേക്ക് അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

<u>മൾട്ടിലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന്— റവന്യൂ ടവർ എറണാകുളം</u>

6216—(പുതിയ ശീർഷകം)

എറണാകുളത്ത് മൾട്ടി ലെവൽ പാർക്കിംഗിനായി സ്ഥലം ഏറ്റെടുക്കുന്നതിന് 1500 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ട സമിതി ഈ ഇനത്തിൽ ബോർഡ് ആവശ്യപ്പെട്ട 1500 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

(39)—<u>ലക്ഷംവീട് ബമ്പർ ലോട്ടറി—തനതുവരുമാനം</u>

എം. എന്. ലക്ഷംവീട് ലോട്ടറിയിൽ നിന്നുള്ള വരുമാനം സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കേണ്ടതുള്ളതിനാൽ 616 ലക്ഷം രൂപ അധികമായി വിലയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>ഒ. റ്റി. എസ്. ആനുകൂല്യം</u> (നോൺ പ്ലാൻ )

ഈ ശീർഷകത്തിൽ നിലവിൽ ബജറ്റ് വിഹിതം ഇല്ലായെന്നും 2004 മുതൽ 31-12-2013 വരെ തുടർച്ചയായി പല സ്കീമുകളിൽ ഒ. റ്റി. എസ്. നടപ്പിലാക്കിയിരുന്നത്

പ്രകാരം 6903 ഫയലുകളാണ് ക്ലോസ് ചെയ്തിട്ടുള്ളതെന്നും അവയുടെ പീനൽ ഇന്ററസ്റ്റ് ഇളവ് ചെയ്ത് കൊടുത്ത വകയിൽ സർക്കാരിൽ നിന്നും ബോർഡിന് വലിയ ഒരു തുക റീഇംബേഴ്സ് ചെയ്ത് ലഭിക്കാനുണ്ടെന്നും സമിതി മനസ്സിലാക്കുകയും ഈ ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ 15614.83 ലക്ഷം രൂപ നടപ്പുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

കൽപ്പറ്റ ഭവന പദ്ധതി (നോൺ പ്ലാൻ )

1985-86 കാലഘട്ടത്തിൽ റവന്യൂ വകുപ്പിന് വേണ്ടി ഹൗസിംഗ് ബോർഡ് 43 വീടുകളും 3 വേക്കന്റ് പ്ലോട്ടുകളും കൽപ്പറ്റയിൽ വിട്ടുകൊടുക്കുകയുണ്ടായ ഇനത്തിൽ ലഭിക്കാനുള്ള തുക നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതിപ്രകാരം റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ള വീടുകളുടെയും ഭൂമിയുടെയും വില ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കേണ്ടതുള്ളതിനാൽ ഈ ഇനത്തിൽ 187.77 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ലോൺ എഴുതിത്തള്ളിയതിൽ ബാക്കി ലഭിക്കാനുള്ളത് (നോൺ പ്ലാന്)

വിവിധ ലോണുകൾ എഴുതിത്തള്ളിയ വകയിൽ സർക്കാരിൽ നിന്നും ലഭിക്കാനുള്ള 7124 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ആന്വിറ്റി ഡെപ്പോസിറ്റ്

മൈത്രി ഭവനപദ്ധതിയിൽ വിവിധ പഞ്ചായത്തുകൾ ബോർഡിലേക്ക് ഡെപ്പോസിറ്റ് ചെയ്ത തുക, പദ്ധതി നിർത്തലാക്കിയതിനെത്തുടർന്ന് തിരിച്ചുകൊടുക്കേണ്ടതായിട്ടുണ്ടെന്നും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഈ തുക തിരിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ലെന്നും സമിതിയിൽ വെളിവാക്കപ്പെട്ടു. ഇതിലേക്ക് 22.12 കോടി രൂപ ബോർഡിന് ആവശ്യമുണ്ടെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയും പ്രസ്തുത തുക 2216-80-103-99 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

6216-80-201-99—കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നൽകുന്ന വായ്പകൾ

(06)—വർക്കിംഗ് ക്യാപ്പിറ്റൽ

ബോർഡിന് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി പ്രവർത്തനമൂലധനമായി 5000 ലക്ഷം രൂപ 6216-80-201-99(6) എന്ന ശീർഷകം

പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

എം. എൻ . ലക്ഷംവീട് ഭവന പദ്ധതി (നോൺ പ്ലാൻ )

എം. hഎൻ . ലക്ഷംവീട് ഭവനപദ്ധതി പ്രകാരം സർക്കാരിൽനിന്നും ലഭിക്കാനുള്ള 500 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

6216-80-190-98—സാഫല്യം ഭവന പദ്ധതി (പാർപ്പിടാവകാശ പദ്ധതി— ഭവന രഹിതരായ ആളുകൾക്കുള്ള ഭവന പദ്ധതി)

ഭവനരഹിതരായ ബി.പി.എല്. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2216-02-800-96—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ താഴ്ന്ന വരുമാനക്കാർക്കുള്ള ഫ്ലാറ്റ് നിർമ്മാണം

2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 2216-02-800-96 എന്ന ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 500 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2216-03-104-99 (01)—സർക്കാർ ജീവനക്കാർക്ക് പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾക്ക് പലിശ സബ്സിഡി

സ്ഥിരം വരുമാനമുള്ള സർക്കാർ ജീവനക്കാരെ ഹൗസിംഗ് സഹകരണ മേഖലയിലേക്ക് ആകർഷിച്ച് പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി നഷ്ടം കുറയ്ക്കുന്ന പദ്ധതിക്കായി 2216-03-104-99—(01)—ശീർഷകം പുനഃസ്ഥാപിച്ച് 50,989.21 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2216-80-003-99—കേരള കൺസ്ട്രക്ഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കട്ടപ്പന

2012-13 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 5 ലക്ഷം രൂപ 2216-80-003-99 എന്ന ശീർഷകം പുനഃസ്ഥാപിച്ച് വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4216-01-106-98—നിർമ്മാണം

(04)—16—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി—വൻകിട മരാമത്ത് പണികൾ

സീനിയർ ഓഫീസർമാരുടെ പാർപ്പിട പദ്ധതിപ്രകാരം നടന്നുകൊണ്ടിരിക്കുന്ന

പണികൾ പൂർത്തിയാക്കുന്നതിനും പുതിയവ ഏറ്റെടുക്കുന്നതിനും 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

(05)—നിലവിലുള്ള സർക്കാർ കെട്ടിടങ്ങളിൽ വനിതകൾക്ക് മതിയായ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ

സർക്കാർ കെട്ടിടങ്ങളിൽ വനിതകൾക്ക് മതിയായ ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പദ്ധതി പ്രകാരം പുതിയ പണികൾ ഏറ്റെടുക്കുന്നതിലേക്കായി ഈ ശീർഷകത്തിലെ (05) എന്ന കണക്കിനം പുനഃസ്ഥാപിച്ച് 20 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതികേന്ദ്രം ജീവനക്കാർക്ക് നിലവിൽ പെൻഷൻ സ്കീം ഇല്ലാത്തതിനാൽ നിർമ്മിതികേന്ദ്രം ജീവനക്കാരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിലേക്കായി എല്. ഐ. സി.-യുമായി ചേർന്ന് പെൻഷൻ സ്കീം ആരംഭിക്കുന്നതിന് ഒറ്റത്തവണ ഗ്രാന്റായി 1000 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2216-80-190-99—പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക—അനദ്ധ്യാപക ജീവനക്കാർക്ക് വീട് വയ്ക്കാൻ വായ്പ

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയുടെ പലിശ സബ്സിഡി നൽകുന്നതിനുവേണ്ടി 52.65 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4216-80-190-97—കേരള സംസ്ഥാന ഹൗസിംഗ് ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷന്—നിക്ഷേപം

ഹൗസിംഗ് ഫിനാൻസ് കോർപ്പറേഷന് കമ്പനിയായി പ്രവർത്തിക്കുവാൻ നാഷണൽ ഹൗസിംഗ് ബാങ്കിന്റെ അനുമതി ആവശ്യമാണ് എന്നും അത് ലഭിക്കണമെങ്കിൽ കോർപ്പറേഷന്റെ Paid up Share Capital ഏറ്റവും ചുരുങ്ങിയത് 10 കോടി രൂപയായിരിക്കണമെന്നും 10 കോടി രൂപ Paid up Share Capital ആയി കമ്പനി അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്തതിന് ശേഷം മാത്രമേ ഹൗസിംഗ് ഫിനാൻസ് കമ്പനിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി നാഷണൽ ഹൗസിംഗ് ബാങ്കിൽ നിന്നും നേടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും ഇതിലേക്ക് 2013-14-ലെ ബഡ്ജറ്റ് പ്രകാരം 1 കോടി രൂപ കോർപ്പറേഷന്റെ മൂലധന നിക്ഷേപമായി വകയിരുത്തിയിട്ടുണ്ടെന്നും ശേഷിക്കുന്ന 800 ലക്ഷം രൂപ കൂടി ഇതിലേക്ക് ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പുവർഷത്തെ വിഹിതത്തിന് പുറമെ 800 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

6216-80-190-99—കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനുള്ള വായ്പകൾ

ഈ ശീർഷകത്തിൽ പ്ലാൻ , നോൺ പ്ലാൻ ഇനങ്ങളിലായി കോർപ്പറേഷൻ

സമർപ്പിച്ചിരുന്ന എല്ലാ നിർദ്ദേശങ്ങളും പൂർത്തീകരിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ പ്ലാൻ ഇനത്തിൽ 105.4 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 1832.13 ലക്ഷം രൂപയും അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് "വായ്പാ" ശീർഷകത്തിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തുന്നതെന്നും കെട്ടിടത്തിന്റെ പണി പൂർത്തിയായ ശേഷം ഫണ്ട് കൺസ്യൂം ചെയ്തെന്ന് റിപ്പോർട്ട് ചെയ്താലും അത് റൈറ്റ് ഓഫ് ചെയ്യുന്നില്ലെന്നും അത് ലോൺ ആയിത്തന്നെ കിടക്കുകയാണെന്നും കെ.പി.എച്ച്.സി.സി.-യുടെ എം. ഡി. സമിതിയെ അറിയിച്ചു. കോർപ്പറേഷന് നിലവിൽ "ലോണ്" ശീർഷകത്തിൽ വകയിരുത്തി നൽകുന്ന തുക പുതിയ ശീർഷകത്തിൽ 'ഗ്രാന്റാ'-യി അനുവദിച്ച് ലഭിക്കുന്നതിലേക്ക് നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

4216-80-195-99—<u>ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ</u>

(05)—<u>പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ —ഓഹരി മൂലധനം അംശദാനം</u>

പ്രാഥമിക ഹൗസിംഗ് സംഘങ്ങളുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന് ആവശ്യമായ ഓഹരി മൂലധനത്തിനായി 150 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

(06)—<u>കേരള സംസ്ഥാന സഹകരണ ഭവന ഫെഡറേഷൻ</u>

സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനുള്ള ഓഹരി മൂലധനമായി 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽ നിന്ന് വായ്പ എടുത്തതിനു ശേഷം മരണപ്പെടുന്നവരുടെയും മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും തികച്ചും നിരാലംബരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള ഒരു സാന്ത്വന പദ്ധതി.</u>

ഭവനവായ്പയെടുത്തിട്ട് മരണമോ മാരകരോഗങ്ങളോ ബാധിച്ചവരുടെ ഭവനം (കിടപ്പാടം) നഷ്ടപ്പെടാതിരിക്കുന്നതിനുള്ള സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ വിഹിതമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>സാന്ത്വനം വാടകവീട് പദ്ധതി</u> (പ്ലാൻ )

4216—(പുതിയ ശീർഷകം)

2013 വർഷത്തെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ ചേർത്തിട്ടുള്ള ഈ പദ്ധതി

നടപ്പിലാക്കുന്നതിലേക്ക് 700 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഹൗസിംഗ് ഫെഡറേഷന് അധിക ധനസഹായം

വായ്പ്പത്തുക അടച്ച് തീർത്തിട്ടും പ്രമാണം തിരികെ ലഭിക്കാത്ത ഗുണഭോക്താക്കളുടെ പ്രമാണം തിരികെ നൽകുന്നതിനായി 750 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സൗഭാഗ്യ ഭവനപദ്ധതി —EWS/LIG വിഭാഗക്കാർക്ക് ഭവനം നിർമ്മിക്കുന്നത്—വായ്പ നൽകുന്നതിനുള്ള പലിശ സബ്സിഡി (പ്ലാൻ )

2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി 5000 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXVI—ഗ്രാമവികസനം

2515-00-197-36—ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഓഫീസ് കെട്ടിടം

(01)—കെട്ടിടനിർമ്മാണം

പുതുതായി രൂപീകരിച്ച 6 ബ്ലോക്ക് പഞ്ചായത്തുകളായ കാസർഗോഡ് ജില്ലയിലെ കാറഡുക്ക, പരപ്പ, കണ്ണൂർ ജില്ലയിലെ പാനൂര്, കല്യാശ്ശേരി, വയനാട് ജില്ലയിലെ പനമരം, മലപ്പുറം ജില്ലയിലെ കാളികാവ് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള കെട്ടിട നിർമ്മാണമാണ് പദ്ധതി ലക്ഷ്യമിടുന്നത് എന്നും ഒരു ബ്ലോക്ക് പഞ്ചായത്തിന് 2 കോടി രൂപ വച്ച് 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആകെ 12 കോടി രൂപയാണ് ആവശ്യമുള്ളതെന്നും ഇതിൽ 2013-14 വർഷം വകയിരുത്തിയിട്ടുള്ള 2 കോടി രൂപ കിഴിച്ച് ബാക്കി 10 കോടി രൂപ ആവശ്യമുണ്ടെന്നും മനസ്സിലാക്കിയ സമിതി ശേഷിച്ച 500 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ നിലവിലെ വിഹിതത്തിന് പുറമെ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

4515-00-103-99—സ്വരാജ് ഭവന്റെ നിർമ്മാണം

(04)—സജ്ജീകരിക്കൽ

സ്വരാജ് ഭവനിൽ മാറ്റി സ്ഥാപിക്കുന്ന ഓഫീസുകൾ സജ്ജീകരിക്കല്, അനുബന്ധ വൈദ്യുതീകരണം, സിവിൽ ജോലികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ നിലവിലെ

ബജറ്റ് വിഹിതത്തിന് പുറമെ 118.17 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

2515-00-196-39—<u>ജില്ലാപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന നബാർഡ് സഹായമുള്ള ആർ . ഐ. ഡി. എഫ്. പദ്ധതികൾ</u>

ഇടുക്കി പാക്കേജിന്റെയും പ്രധാനമന്ത്രിയുടെ പുനരധിവാസപദ്ധതിയുടെയും പ്രവൃത്തികൾ പുരോഗതിയിലാണെന്നും ഇതിനായി അധിക തുക ആവശ്യമുണ്ടെന്നും സമിതി മനസ്സിലാക്കുകയും നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 482 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2515-00-001-99—<u>മേൽനോട്ടം</u>

2014-15 സാമ്പത്തികവർഷത്തേക്ക് ഈ ശീർഷകത്തിൻ കീഴിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം അധിക തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു:

| | | |
|---|---|---|
| 01-5—മറ്റ് അലവൻസുകൾ | .. | 4 ലക്ഷം രൂപ |
| 02— വേതനം | .. | 1.50 ലക്ഷം രൂപ |
| 04-4 —അവധി യാത്രാനുകൂല്യം | .. | 60,000 രൂപ |
| 06 —വാടക, കരം, നികുതി | .. | 30,000 രൂപ |
| 07— പ്രസിദ്ധീകരണങ്ങൾ | .. | 5 ലക്ഷം രൂപ |
| 21—2— മോട്ടോർ വാഹനങ്ങൾ — സംരക്ഷണവും അറ്റകുറ്റപ്പണികളും | .. | 1 ലക്ഷം രൂപ |
| 451 —പി. ഒ. എൽ . | .. | 1.5 ലക്ഷം രൂപ |
| ആകെ | | 13.90 ലക്ഷം രൂപ |

2515-00-001-97—<u>ജില്ലാഭരണം</u>

ഈ ശീർഷകത്തിൽ വേതനം, യാത്രാബത്ത, വൈദ്യുതി, ചെലവ്, മോട്ടോർ വാഹനങ്ങള്, പി. ഒ. എല്. എന്നീ കണക്കിനങ്ങളിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 02—വേതനം ഇനത്തിൽ 3.50 ലക്ഷം രൂപയും 04-1—യാത്രാബത്ത ഇനത്തിൽ 30 ലക്ഷം രൂപയും 05-2—വൈദ്യുത ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും 21-2—മോട്ടോർ വാഹനങ്ങൾ —സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 1.43 ലക്ഷം രൂപയും 45—പി. ഒ. എല്. ഇനത്തിൽ 3.50 ലക്ഷം രൂപയും

ചേർത്ത് ആകെ 40.43 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണ മെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2515-00-101-64—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ</u>

02—<u>വേതനം</u>

ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്കും പാർട്ട് ടൈം സ്വീപ്പർമാർക്കും ശമ്പളം നൽകുന്നതിന് വേതനമിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2515-00-101-63—<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണൽ</u>

21-2—<u>മോട്ടോർ വാഹനങ്ങൾ —സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ട്രിബ്യൂണലിലെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 25,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

99—<u>വിവരസാങ്കേതിക വിദ്യ</u>

ട്രിബ്യൂണലിൽ പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 4 ലക്ഷം രൂപ അധികമായി ഈ കണക്കിനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2515-00-800-94—<u>റെയിൽവേ ലെവൽ ക്രോസിംഗുകളുടെ സംരക്ഷണം—സഹായധനം</u>

ഗ്രാമീണ മേഖലയിൽ റയിൽവേ ലെവൽ ക്രോസിംഗുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി ഗ്രാമപഞ്ചായത്ത് ചെലവിടുന്ന തുകയുടെ പകുതി ഗ്രാന്റായി നൽകുന്നതിലേക്ക് 2014-15 വർഷം ബഡ്ജറ്റ് വിഹിതമായി നൽകിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും പ്രസ്തുത ഇനത്തിൽ 1,80,16,899 രൂപ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ റെയിൽവേക്ക് കുടിശ്ശിക നൽകാനുള്ളതിനാൽ ഈ ഇനത്തിൽ 1,80,16,899 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2515-00-198-36 —<u>ഗ്രാമപഞ്ചായത്തുകളിൽ ശ്മശാനങ്ങൾ തുറക്കുന്നതിനും സംരക്ഷിക്കുന്ന തിനും സഹായധനം</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്ന നടപടി

ഏത് ഘട്ടത്തിലാണെന്ന വിവരം സമിതി ആരാഞ്ഞു. പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യപ്പെടുന്ന മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പണം കൊടുക്കുന്നുണ്ടെന്നും എന്നാൽ ആവശ്യമായ സ്ഥലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണമെന്നും 2013-14 സാമ്പത്തികവർഷത്തിൽ ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് അൻപത് ഗ്രാമപഞ്ചായത്തുകൾക്കായി അഞ്ച് കോടി അൻപത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ 38 പഞ്ചായത്തുകൾക്കായി 3.89 കോടി രൂപ നടപ്പ് വർഷം വിതരണം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. സൈറ്റ് അനുസരിച്ചാണ് ശ്മശാനത്തിന് രൂപ ചെലവാകുന്നതെന്നും ഇലക്ട്രിക് ശ്മശാനത്തിന് 40 ലക്ഷം രൂപയും ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശ്മശാനത്തിന് 30 ലക്ഷം രൂപയും ചെലവാകുമെന്നും ശ്മശാനം നിർമ്മിക്കുന്നതിന് ഭൂമിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് തുക അനുവദിക്കുന്നതെന്നും ഒരു പഞ്ചായത്തിന് 10 ലക്ഷം രൂപ എന്ന നിരക്കിലാണ് തുക നൽകുന്നതെന്നും അദ്ദേഹം തുടർന്നറിയിച്ചു.

10 ലക്ഷം രൂപ കൊണ്ട് ശ്മശാനം നിർമ്മിക്കാൻ സാധിക്കില്ലെന്നും ഭൂമിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും ഇലക്ട്രിക് ശ്മശാനത്തിനായാലും ഗ്യാസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന ശ്മശാനത്തിനായാലും ചെലവിന്റെ 50 ശതമാനം തുകയെങ്കിലും അനുവദിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.

## 2014 മാർച്ച് 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം വിഷയനിർണ്ണയ സമിതിയുടെ ഒരു യോഗം 2014 മാർച്ച് മാസം 11-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 5-ഡി സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. സി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുമായ ശ്രീ. മഞ്ഞളാംകുഴി അലിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. ശിവൻകുട്ടി, എം. എൽ . എ.

2. ശ്രീ. കെ. വി. വിജയദാസ്, എം. എൽ . എ.

3. ശ്രീ. ഇ. കെ. വിജയൻ , എം. എൽ . എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. റ്റി. മനോഹരൻ നായർ , ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി എം. ആർ . മഹേശ്വരി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

സമിതി 2014-15 സാമ്പത്തികവർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.